ഖലീൽ ജിബ്രാൻ

# ഭ്രാന്തൻ



# ഖലീൽ ജിബ്രാൻ

(1883–1931)

മുഴുവൻ പേര്: ജിബ്രാൻ ഖലീൽ ജിബ്രാൻ. 1883–ൽ ലെബനണിലെ ബിഷാറിയിൽ ജനിച്ചു. ബെയ്റൂത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അമേരിക്കയിലെ ബോസ്റ്റൺ പട്ടണത്തിൽ താമസമാരംഭിച്ചു. 1898–ൽ ലെബനണിലേക്കു തിരിച്ചുവന്ന് ബെയ്റൂത്തിലെ അൽ-ഹിക്മ കോളജിൽ ചേർന്നു. അറബിസാഹിത്യവും തത്ത്വചി ന്തയും മതചരിത്രവുമായിരുന്നു ഐച്ഛികവിഷയങ്ങൾ. പഠനം കഴിയുംമുമ്പുതന്നെ ലെബനൺ വിട്ടുപോരേണ്ടിവന്നു. പിന്നീട് പാരിസിൽ വിഖ്യാത ശില്പിയായ റോഡിന്റെ കീഴിൽ ശില്പകലയിൽ പ്രാവീണ്യം നേടി. അതിനുശേഷം ന്യൂയോർക്ക് നഗരത്തിൽ സ്ഥിരതാമസമാക്കി. അറബിയിലും ഇംഗ്ലിഷിലുമായി മുപ്പതിലധികം കൃതികൾ രചിച്ചു. 1931–ൽ ന്യൂയോർക്കിലെ ഗ്രീൻവിച്ചിൽ സെന്റ് വിൻസെന്റ് ആശുപത്രിയിൽവച്ച് നിര്യാതനായി.

# ഡോ. വി. സി. ഹാരിസ്

1958 ജൂലൈ 29-ന് മയ്യഴിയിൽ ജനനം. കണ്ണൂർ എസ്.എൻ. കോളജ്, കോഴിക്കോട് സർവകലാശാലയുടെ തലശ്ശേരി സെന്റർ, കേരള സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലിഷ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഡോ. കെ. അയ്യപ്പപ്പണിക്കരുടെ മേൽനോട്ടത്തിൽ പി.എച്ച്ഡി. 1985-ൽ ഫറൂഖ് കോളജിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1991 മുതൽ മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ. ***എഴുത്തും വായനയും, ആത്മകഥ, സ്ത്രീനീതി (പരിഭാഷ), സമകാലീന മലയാള ചെറുകഥ*** (എഡി.) തുടങ്ങിയ പുസ്തകങ്ങൾ മലയാളത്തിൽ. ഡി സി ബുക്സ് പ്രസാധനം ചെയ്ത നവസിദ്ധാന്തങ്ങൾ എന്ന പരമ്പരയുടെ ജനറൽ എഡിറ്റർമാരിൽ ഒരാൾ. കേരള സാഹിത്യ അക്കാദമിയിലും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലും അംഗമായിരുന്നു.

ഖലീൽ ജിബ്രാൻ

# ഭ്രാന്തൻ

വിവർത്തനം

ഡോ. വി. സി. ഹാരിസ്

ഡി സി ബുക്സ്

Malayalam Language
Original English Title
**The Madman**
Literature/Mysticism
by **Kahlil Gibran**
Malayalam title
**Bhranthan**
Translated by **Dr. V.C. Haris**

© D C Books/Rights Reserved
First edition October 2011
First e-book edition October 2011

*Cover Painting*
Baijudev

*Cover Design*
N. Ajayan

*Publishers*
**D C Books**, Kottayam 686 001
Kerala State, India
website : www.dcbooks.com
e-mail : info@dcbooks.com

Although utmost care has been taken in the preparation of this book, neither the publishers nor the editors/compilers can accept any liability for any consequence arising from the information contained therein. The publisher will be grateful for any information, which will assist them in keeping future editions up to date.

No part of this publication may be reproduced, or transmitted in any form or by any means,

without prior written permission of the publisher.

ISBN 978-81-264-3260-8

D C BOOKS - The first Indian Book Publishing House to get ISO Certification

# ഉള്ളടക്കം

ഭ്രാന്തൻ
ദൈവം
എന്റെ സുഹൃത്ത്
നോക്കുകുത്തി
നിദ്രാടകർ
ബുദ്ധിശാലിയായ നായ
രണ്ടു സന്ന്യാസിമാർ
കൊടുക്കൽവാങ്ങലുകളെപ്പറ്റി
ഏഴ് സ്വത്വങ്ങൾ
യുദ്ധം
കുറുക്കൻ
ബുദ്ധിമാനായ രാജാവ്
ഉൽക്കർഷേച്ഛ
പുതിയ ആനന്ദം
മറുഭാഷ
മാതളനാരങ്ങ
രണ്ട് കൂടുകൾ
മൂന്ന് ഉറുമ്പുകൾ
കുഴിവെട്ടുകാരൻ
ക്ഷേത്രപ്പടവുകളിൽ
വാഴ്ത്തപ്പെട്ട നഗരം
നല്ല ദൈവവും ചീത്ത ദൈവവും
‘‘പരാജയം’’
രാത്രിയും ഭ്രാന്തനും
മുഖങ്ങൾ
ക്രൂശിതൻ
ജ്യോതിശ്ശാസ്ത്രജ്ഞൻ

അഭിവാഞ്ഛ
ഒരു പുല്ക്കൊടി പറഞ്ഞത്
കണ്ണ്
രണ്ട് പണ്ഡിതന്മാർ
എന്റെ ദുഃഖം പിറന്നപ്പോൾ
എന്റെ ആഹ്ലാദം പിറന്നപ്പോൾ
ഉത്തമലോകം

# വിവർത്തകക്കുറിപ്പ്

*ഇംഗ്ലീഷിൽ ജിബ്രാൻ ആദ്യമായി പ്രസിദ്ധീകരിച്ച കൃതി. നീഷേയുടെ സ്വാധീനം ഇതിൽ വ്യക്തമായി തിരിച്ചറിയാം. അന്യാപദേശകഥകളുടെ രൂപത്തിലുള്ള ആഖ്യാനശൈലി, രചയിതാവിന് പുതിയൊരാവിഷ്കാര സ്വാതന്ത്ര്യം കൈവരിച്ചുകൊടുക്കുന്നുണ്ട്. സർഗ്ഗാത്മകസ്വാതന്ത്ര്യവും ചട്ടക്കൂടുകളിലൊതുങ്ങുന്ന സാമൂഹികജീവിതവും തമ്മിലുള്ള അടിസ്ഥാന സംഘർഷമാണ് ഭ്രാന്തനിലെ മുഖ്യപ്രമേയം. സൃഷ്ടിപ്രക്രിയയിൽ മനുഷ്യനും ദൈവവുമായി മനോജ്ഞമായൊരു കരാറുണ്ടെന്ന് ജിബ്രാൻ സ്ഥാപിക്കുന്നു. ആ സൃഷ്ടിയുടെ സ്വാതന്ത്ര്യത്തെയാണ് സമൂഹം ഭ്രാന്തെന്നു നിർവ്വചിക്കുന്നത്. കാപട്യത്തിന്റെ പിണിയാളുകൾ സത്യത്തെയും സൗന്ദര്യത്തെയും ഭ്രാന്തെന്നു കല്പിക്കുന്നു.*

*ജന്മനാടിനുവേണ്ടിയുള്ള ആഗ്രഹം, സഹനശേഷിയുള്ള ഒരു സമൂഹത്തിനുവേണ്ടിയുള്ള തിരച്ചിൽ, ആത്മീയമായ ഔന്നത്യമുള്ള മറ്റൊരു ലോകത്തിനുവേണ്ടിയുള്ള ത്വര--ഇവയെല്ലാം ഈ കൃതിയുടെ രചനാകാലഘട്ടത്തിൽ ജിബ്രാനെ ബാധിച്ചിരുന്നു. കവിയെന്നാൽ, കപടമായ ലോകത്തിൽ ഭ്രാന്തനായിരിക്കുകയെന്നാണർത്ഥമെന്ന് ഈ കൃതി വിളംബരം ചെയ്യുന്നു. തന്റെ മുഖംമൂടികൾ അപഹരിക്കപ്പെട്ടപ്പോഴാണ്*

*താൻ ഭ്രാന്തനായതെന്ന് കഥാനായകൻ തുടക്കത്തിൽതന്നെ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുമുണ്ട്. ജിബ്രാന്റെ പില്ക്കാല മഹദ്‌രചനകളുടെ ആദ്യത്തെ ചിറകടികൾ ഇതിൽ കേൾക്കാം.*

1

## ഭ്രാന്തൻ

അവന്റെ ദൃഷ്ടാന്തകഥകൾ, കവിതകൾ

**നി**ങ്ങൾ ചോദിക്കുന്നു ഞാനെങ്ങനെ ഭ്രാന്തനായിത്തീർന്നുവെന്ന്. സംഭവിച്ചതിപ്രകാരം: ഒരുനാൾ ഒട്ടുമിക്ക ദൈവങ്ങളും പിറവി കൊള്ളുന്നതിനു മുൻപൊരുനാൾ, ഗാഢനിദ്രയിൽനിന്നെഴുന്നേറ്റ ഞാൻ എന്റെ സർവ മുഖാവരണങ്ങളും മോഷ്ടിക്കപ്പെട്ടതായി കണ്ടു- ഏഴു ജന്മങ്ങളിലായി ഞാൻ പണിതീർത്തു ധരിച്ചുപോന്ന ഏഴു മുഖാവരണങ്ങൾ. തിരക്കേറിയ തെരുവുകളിലൂടെ മൂഖംമൂടിയേതുമില്ലാതെ ഞാൻ ഓടിക്കൊണ്ടലറി: ‘‘കള്ളന്മാർ, കള്ളന്മാർ, ശപിക്കപ്പെട്ട കള്ളന്മാർ!’’

സ്ത്രീകളും പുരുഷന്മാരും എന്നെ നോക്കി ചിരിച്ചു; ചിലർ ഭയചകിതരായി സ്വന്തം വീടുകളിലേക്ക് ഓടിമറഞ്ഞു.

ഞാൻ അങ്ങാടിയിൽ എത്തിയപ്പോൾ ഒരു ചെറുപ്പക്കാരൻ വീട്ടുമുകളിൽ നിന്നട്ടഹസിച്ചു: ‘‘അയാളൊരു ഭ്രാന്തൻ!’’ അവനെ കാണുവാനായി ഞാൻ മുഖമുയർത്തി; എന്റെ നഗ്നമായ മുഖത്ത് സൂര്യൻ ആദ്യമായി ചുംബിച്ചു. ആദ്യമായി സൂര്യൻ എന്റെ നഗ്നമായ മുഖത്ത് ചുംബിച്ചതോടെ സൂര്യനോടുള്ള പ്രേമത്താൽ എന്റെ ആത്മാവ് ജ്വലിച്ചു- എനിക്ക് മുഖാവരണങ്ങൾ ആവശ്യമില്ലാതായി.

മോഹനിദ്രയിലെന്നോണം ഞാൻ ആർത്തുവിളിച്ചു: ''എന്റെ മുഖാവരണങ്ങൾ മോഷ്ടിച്ചവർ വാഴ്ത്തപ്പെട്ടവർ, വാഴ്ത്തപ്പെട്ടവർ.''

അങ്ങനെ ഞാനൊരു ഭ്രാന്തനായി.

എന്റെ ഭ്രാന്തിൽ ഞാൻ സ്വാതന്ത്ര്യവും സുരക്ഷിതത്വവും കണ്ടെത്തി; ഏകാന്തതയുടെ സ്വാതന്ത്ര്യവും മനസ്സിലാക്കപ്പെടുന്നതിൽനിന്നുള്ള സുരക്ഷിതത്വവും- കാരണം, നമ്മെ, മനസ്സിലാക്കുന്നവർ നമ്മിലെ എന്തോ ഒന്നിനെ അടിമപ്പെടുത്തുകയും ചെയ്യുന്നു.

എങ്കിലും എന്റെ സുരക്ഷിതത്വത്തിൽ ഞാൻ അമിതമായി അഭിമാനം കൊള്ളാതിരിക്കട്ടെ. തടവറയിലെ ഒരു മോഷ്ടാവുപോലും മറ്റു കള്ളന്മാരിൽ നിന്നു സുരക്ഷിതനാണല്ലോ.

2

# ദൈവം

**അ**തിപുരാതനകാലത്ത്, ഭാഷണത്തിന്റെ ആദ്യസ്പന്ദങ്ങൾ എന്റെ ചുണ്ടുകളെ തേടിയെത്തിയപ്പോൾ, ഞാൻ വിശുദ്ധ പർവ്വതത്തിന്റെ മുകളിലേക്കു നടന്നുകയറി ദൈവത്തോട് സംസാരിച്ചു: ‘‘പ്രഭോ, ഞാൻ അങ്ങയുടെ അടിമ. അങ്ങയുടെ ഗുപ്തമായ ഇച്ഛ എന്റെ നിയമമാകുന്നു; ഞാൻ എല്ലായ്പോഴും അങ്ങയോട് അനുസരണയുള്ളവനായിരിക്കും.’’

പക്ഷേ, ദൈവം മറുപടിയേതുമോതാതെ ഒരു പടുകൂറ്റൻ കൊടുങ്കാറ്റായി മറഞ്ഞുകളഞ്ഞു. ആയിരം വർഷങ്ങൾക്കുശേഷം ഞാൻ വീണ്ടും വിശുദ്ധ പർവ്വതത്തിന്റെ മുകളിലേക്കു നടന്നുകയറി ദൈവത്തോട് സംസാരിച്ചു: ‘‘ സ്രഷ്ടാവേ, അങ്ങയുടെ സൃഷ്ടിയാണു ഞാൻ. അങ്ങ് കളിമണ്ണിൽ തീർത്തവനാണു ഞാൻ; എല്ലാത്തിനും ഞാൻ അങ്ങയോട് കടപ്പെട്ടിരിക്കുന്നു.’’

പക്ഷേ, ദൈവം മറുപടിയേതുമോതാതെ ഒരായിരം ദ്രുതചിറകുകളായി മറഞ്ഞുകളഞ്ഞു.

പിന്നെയും ആയിരം വർഷങ്ങൾക്കുശേഷം ഞാൻ വീണ്ടും മലമുകളിൽച്ചെന്നു ദൈവത്തോട് സംസാരിച്ചു: ‘‘പിതാവേ, അങ്ങയുടെ പുത്രനാണു ഞാൻ. അനുകമ്പയാലും സ്നേഹത്താലും അങ്ങ് എനിക്കു ജന്മം

നല്കി; സ്നേഹത്താലും പ്രാർത്ഥനയാലും ഞാൻ അങ്ങയുടെ സ്വർഗ്ഗരാജ്യത്തിന് അവകാശിയായിത്തീരുന്നു.''

മറുപടിയേതുമോതാതെ ദൈവം വിദൂരസ്ഥമായ കുന്നുകളെ ആവരണം ചെയ്യുന്ന മഞ്ഞിൻധൂളികളായി മറഞ്ഞുകളഞ്ഞു.

ആയിരം വർഷങ്ങൾക്കുശേഷം ഞാൻ വീണ്ടും വിശുദ്ധപർവ്വതം താണ്ടി ദൈവത്തോട് സംസാരിച്ചു: ''എന്റെ ദൈവമേ, എന്റെ ലക്ഷ്യവും സാക്ഷാത്കാരവുമായ ദൈവമേ, ഞാൻ അങ്ങയുടെ ഇന്നലെയും, അങ്ങ് എന്റെ നാളെയുമാകുന്നു. ഞാൻ അങ്ങയുടെ ഭൂമിയിലെ വേരും അങ്ങ് എന്റെ ആകാശത്തിലെ പുഷ്പവുമാകുന്നു; നാമൊന്നിച്ച് സൂര്യമുഖത്തിനുമുന്നിൽ വളരുന്നുവല്ലോ.''

അപ്പോൾ ദൈവം എനിക്കുമീതെയിറങ്ങിവന്ന് എന്റെ ചെവിയിൽ മാധുര്യമാർന്ന വാക്കുകൾ മന്ത്രിക്കുകയും, തന്നിലേക്ക് ഓടിയടുക്കുന്ന അരുവിയെ കരവലയത്തിലൊതുക്കുന്ന സമുദ്രമെന്നപോൽ, എന്നെ മൂടിപ്പുതയുകയും ചെയ്തു.

പിന്നീട് ഞാൻ താഴ്വരകളിലേക്കും, സമതലങ്ങളിലേക്കും ഇറങ്ങിച്ചെന്നപ്പോൾ അവിടെയെങ്ങും ദൈവവും ഉണ്ടായിരുന്നു.

3

# എന്റെ സുഹൃത്ത്

**സു**ഹൃത്തേ, എന്തായി കാണപ്പെടുന്നുവോ, അതല്ല ഞാൻ. ഈ കാഴ്ച ഞാൻ ധരിക്കുന്ന വസ്ത്രം മാത്രമാണ്– നിന്റെ ചോദ്യങ്ങ ളിൽനിന്ന് എന്നെയും എന്റെ ഉപേക്ഷ യിൽനിന്ന് നിന്നെയും സംരക്ഷിക്കുന്ന, ചിന്താ കുലതയാൽ നെയ്ത വസ്ത്രം.

സുഹൃത്തേ, എന്നിലെ ‘ഞാൻ’വസിക്കുന്നത് ഏകാന്തതയുടെ ഗൃഹത്തിലാണ്; അവിടെ ത്തന്നെ അത് എല്ലായ്പോഴും തുടർന്നു നില നില്ക്കുകയും ചെയ്യും– ദർശിക്കപ്പെടാതെ, അപ്രാപ്യമായി.

ഞാൻ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന കാര്യങ്ങൾ നീ വിശ്വസിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല– കാരണം എന്റെ വാക്കുകൾ നിന്റെ ചിന്തകളുടെ ശബ്ദാകാ രവും എന്റെ പ്രവൃത്തികൾ നിന്റെ പ്രതീക്ഷകളുടെ ക്രിയാരൂപവുമല്ലാതെ മറ്റൊ ന്നുമല്ല.

‘‘കിഴക്കോട്ട് കാറ്റ് വീശുന്നു’’ എന്നു നീ പറയു മ്പോൾ ഞാൻ പറയുന്നു: ‘‘അതെ, കാറ്റ് വീശു ന്നത് കിഴക്കോട്ടുതന്നെ’’– കാരണം എന്റെ മനസ്സ് പതിയുന്നത് കാറ്റിലല്ല കടലിലാണെ

ന്നത് നിന്നെ അറിയിക്കാൻ ഞാൻ ആഗ്രഹി ക്കുന്നില്ല.

കടൽയാത്ര നടത്തുന്ന എന്റെ ചിന്തകൾ നിന ക്കു മനസ്സിലാക്കുവാനാവില്ല; നീ മനസ്സിലാക്ക ണമെന്നു ഞാൻ ആഗ്രഹിക്കുന്നുമില്ല. കടലിൽ ഞാൻ ഏകനായിരിക്കുവാൻ ആഗ്രഹിക്കുന്നു.

നിനക്കു പകലാകുമ്പോൾ, സുഹൃത്തേ, എനിക്കു രാത്രിയാകുന്നു; അപ്പോഴും കുന്നുക ളിൽ നൃത്തം ചെയ്യുന്ന മധ്യാഹ്നത്തെപ്പറ്റിയും താഴ്വരയ്ക്കു കുറുകെ പതുങ്ങിനീങ്ങുന്ന ചെമന്ന നിഴലുകളെപ്പറ്റിയും ഞാൻ സംസാരി ക്കുന്നു; കാരണം എന്റെ ഇരുളിന്റെ ഗീതങ്ങൾ കേൾക്കുവാനോ എന്റെ ചിറകുകൾ നക്ഷത്ര ങ്ങൾക്കെതിരെ വീശുന്നത് കാണുവാനോ നിന ക്കാവില്ല- അങ്ങനെ നീ കേൾക്കുകയും കാണു കയും വേണമെന്നു ഞാൻ ആഗ്രഹിക്കുന്നുമി ല്ല. രാത്രിയുമായി ഏകനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നീ നിന്റെ സ്വർഗ്ഗത്തിലേക്കുയരുമ്പോൾ ഞാൻ എന്റെ നരകത്തിലേക്കിറങ്ങുന്നു- അപ്പോഴും നമുക്കിടയിലെ അപരിഹാര്യമായ അകൽച്ച യ്ക്കപ്പുറത്തുനിന്ന് നീ വിളിക്കുന്നു, ‘‘എന്റെ സുഹൃത്തേ, സഖാവേ,’’ ഞാൻ വിളികേൾ ക്കുന്നു, ‘‘എന്റെ സഖാവേ, സുഹൃത്തേ,’’- കാരണം എന്റെ നരകം നീ കാണണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. അഗ്നി നിന്റെ കാഴ്ചയെ ദഹിപ്പിക്കുകയും പുക നിന്റെ നാസാരന്ധ്രങ്ങളെ മൂടുകയും ചെയ്യും. എന്റെ നരകത്തെ ഭ്രാന്തൻ ഞാൻ അത്രമേൽ സ്നേഹിക്കയാൽ നീ അവിടം സന്ദർശിക്ക

ണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. നരക ത്തിൽ ഏകനായിരിക്കുവാൻ ഞാൻ ആഗ്രഹി ക്കുന്നു.

സത്യം, സൗന്ദര്യം, ധാർമ്മികത- ഇവയെ നീ സ്നേഹിക്കുന്നു; നിനക്കുവേണ്ടി ഞാൻ പറയു ന്നു, ഇവയെ സ്നേഹിക്കുന്നത് നല്ലതും ഉചിത വുമെന്ന്. പക്ഷേ, എന്റെ ഉള്ളിന്റെയുള്ളിൽ ഈ സ്നേഹത്തെ നോക്കി ഞാൻ ചിരിക്കുന്നു; എങ്കിലും എന്റെ ചിരി നീ കാണണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഏകനായി ചിരിക്കുവാൻ ആഗ്രഹിക്കുന്നു.

എന്റെ സുഹൃത്തേ, നീ നല്ലവൻ, കരുതലുള്ള വൻ, ബുദ്ധിമാൻ; അല്ല, നീ സർവ്വഗുണസമ്പു ഷ്ടൻ- നിന്നോടൊപ്പം ഞാനും ബുദ്ധിപൂർവ്വം, കരുതലോടെ, സംസാരിക്കുന്നു. പക്ഷേ, എനിക്കു ഭ്രാന്താണ്; എങ്കിലും ആ ഭ്രാന്ത് ഞാൻ മറച്ചുപിടിക്കുന്നു. ഭ്രാന്തിൽ ഏകനായി രിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ സുഹൃത്തേ, നീ എന്റെ സുഹൃത്തല്ല; പക്ഷേ, ഞാൻ നിന്നെ എങ്ങനെയിതു ധരി പ്പിക്കും? എന്റെ വഴി നിന്റെ വഴിയല്ല. എങ്കിലും നാമൊന്നിച്ച്, കൈകോർത്ത്, നടക്കുന്നു.

4

## നോക്കുകുത്തി

**ഒ**രിക്കൽ ഞാനൊരു നോക്കുകുത്തിയോടു പറഞ്ഞു: ''ഏകാന്തമായ ഈ വയലിൽ ഇങ്ങനെ നിന്നു നീ മടുത്തു കാണുമല്ലോ?''

നോക്കുകുത്തി പറഞ്ഞു: ''ഭയപ്പെടുത്തുന്നതിലുള്ള ആഹ്ലാദം അഗാധവും എന്നെന്നേക്കും നിലനില്ക്കുന്നതുമാണ്. എനിക്കു മടുപ്പില്ല.''

ഒരു നിമിഷത്തെ ചിന്തയ്ക്കുശേഷം ഞാൻ സമ്മതിച്ചു: ''ശരിയാണ്, ഞാനും ഈ ആഹ്ലാദം എന്തെന്നറിഞ്ഞിട്ടുണ്ട്.''

പക്ഷേ, അവൻ പറഞ്ഞു: ''വൈക്കോൽ തിരുകിയുണ്ടാക്കപ്പെട്ടവർക്കുമാത്രമേ അതറിയാൻ കഴിയൂ.''

ഞാൻ അവനെ വിട്ടുപോന്നു- അവൻ എന്നെ പ്രശംസിച്ചതാണോ അപഹസിച്ചതാണോയെന്നറിയാതെ.

ഒരു വർഷം കടന്നുപോയി; നോക്കുകുത്തി തത്ത്വചിന്തകനായി. ഒരുനാൾ അവനെ കടന്നുപോയപ്പോൾ, രണ്ടു കാക്കകൾ അവന്റെ തൊപ്പിക്കീഴിൽ കൂടുകൂട്ടുന്നതാണു ഞാൻ കണ്ടത്.

5

# നിദ്രാടകർ

**ഞാ**ൻ ജനിച്ച പട്ടണത്തിൽ നിദ്രാടകരായ ഒരമ്മയും മകളും ജീവിച്ചിരുന്നു. ഒരു രാത്രി, ലോകമാകെ നിശ്ശബ്ദതയാൽ ആവരണം ചെയ്യപ്പെട്ട ഒരു രാത്രി, അമ്മയും മകളും നിദ്രാടനത്തിനിടയിൽ അവരുടെ മഞ്ഞുമൂടിയ പൂന്തോട്ടത്തിൽ പരസ്പരം കണ്ടുമുട്ടി.

അമ്മ പറഞ്ഞു: ''അവസാനം, അവസാനം ഇതാ എന്റെ ശത്രു! എന്റെ യുവത്വത്തെ നശിപ്പിച്ചവൾ, എന്റെ നാശാവശിഷ്ടങ്ങൾക്കുമേൽ സ്വന്തം ജീവിതം പടുത്തുയർത്തിയവൾ! നിന്നെ എനിക്കു വധിക്കാൻ കഴിഞ്ഞെങ്കിൽ!''

മകൾ പറഞ്ഞു: ''നികൃഷ്ടയായ കിളവി! എന്റെ സ്വതന്ത്ര സ്വത്വത്തിനും എനിക്കുമിടയിൽ വഴിമുടക്കിനില്ക്കുന്ന സ്വാർത്ഥ! നിന്റെ നിറം മങ്ങിയ ജീവിതത്തിന്റെ പ്രതിധ്വനിയായിത്തീരണം എന്റെ ജീവിതം എന്നാഗ്രഹിക്കുന്നവൾ! നീ മരണത്തിനിരയായെങ്കിൽ!''

ആ നിമിഷം ഒരു കാക്കയുടെ കരച്ചിൽ. അമ്മയും മകളും ഉറക്കം വിട്ടെഴുന്നേറ്റു. അമ്മ പറഞ്ഞു, സൗമ്യതയോടെ, വാത്സല്യത്തോടെ, ''എന്റെ പൊന്നുമോളാണോ?'' മകൾ മറുപടിയോതി, സൗമ്യതയോടെ, ''അതെ, അമ്മേ.''

6

# ബുദ്ധിശാലിയായ നായ

**ഒ**രിക്കൽ ഒരു ബുദ്ധിശാലിയായ നായ ഒരു കൂട്ടം പൂച്ചകളെ കടന്നു പോകാൻ ഇടയായി. പൂച്ചകളുടെ അടുത്തെത്തിയപ്പോൾ അവർ ജാഗരൂകരായി നില്ക്കുകയാണെന്നും തന്നെ ശ്രദ്ധിക്കുന്നില്ലെന്നും മനസ്സിലാക്കിയ നായ നടത്തം നിർത്തി.

അപ്പോൾ ഗൗരവസ്വഭാവിയായ ഒരു വലിയ പൂച്ച എഴുന്നേറ്റുനിന്നു മറ്റു പൂച്ചകളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു: ''സഹോദരീ സഹോദരന്മാരേ, പ്രാർത്ഥിക്കുവിൻ, നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുവിൻ; പ്രാർത്ഥിക്കുകയും വീണ്ടും നിസ്സങ്കോചം പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നാൽ തീർച്ചയായും മഴപെയ്യുന്നതാണ്- എലികളുടെ മഴ.''

ഇതു കേട്ടയുടനെ ഉള്ളാലെ ചിരിച്ചുകൊണ്ട് നായ തിരിഞ്ഞുനിന്നു പറഞ്ഞു: ''അല്ലയോ അന്ധരും വിഡ്ഢികളുമായ പൂച്ചകളേ! ലിഖിതമായതും ഞാൻ അറിയുന്നതും എനിക്കു മുൻപ് എന്റെ പൂർവികർ അറിഞ്ഞതുമായ സത്യമല്ല, വിശ്വാസവും ഭക്തിയും പ്രാർത്ഥനയും പെയ്യിക്കുന്നത് എലികളെയല്ല, മറിച്ച് എല്ലിൻകഷണങ്ങളെയാണെന്നത്?''

7

## രണ്ടു സന്ന്യാസിമാർ

**ഏ**കാന്തമായ ഒരു മലമുകളിൽ ദൈവത്തെ ആരാധിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്ത രണ്ടു സന്ന്യാസിമാർ ജീവിച്ചിരുന്നു.

രണ്ടു സന്ന്യാസിമാർക്കുംകൂടി ഒരു മൺപാത്രമുണ്ടായിരുന്നു- അവരുടെ ഏകസ്വത്ത്.

ഒരു നാൾ പ്രായമേറിയ സന്ന്യാസിയുടെ ഹൃദയത്തിൽ ഒരു ദുർഭൂതം കയറിക്കൂടി. ഇളയ സന്ന്യാസിയോട് അയാൾ പറഞ്ഞു: ‘‘നാം ഒന്നിച്ചു താമസിക്കുവാൻ തുടങ്ങിയിട്ട് ഏറെ നാളായി. വേർപിരിയാനുള്ള സമയമായിരിക്കുന്നു. നമ്മുടെ സ്വത്തുക്കൾ നമുക്ക് ഭാഗിക്കാം.’’

ഇളയ സന്ന്യാസി ദുഃഖിതനായി ഇങ്ങനെ പറഞ്ഞു: ‘‘സഹോദരാ, അങ്ങ് എന്നെ വിട്ടു പോകുന്നുവെന്നതിൽ ഞാൻ വ്യസനിക്കുന്നു. എന്നാൽ, അങ്ങയ്ക്ക് പോയേ തീരൂ എന്നാണെങ്കിൽ, അങ്ങനെ നടക്കട്ടെ.’’ അയാൾ മൺപാത്രമെടുത്ത് മൂത്ത സന്ന്യാസിക്കു കൊടുത്തു: ‘‘ഇത് നമുക്ക് ഭാഗിക്കാനാവില്ല, സഹോദരാ, അങ്ങയുടെ കൈയിലിരിക്കട്ടെ.’’

അപ്പോൾ മൂത്ത സന്ന്യാസി പറഞ്ഞു: ‘‘ധർമ്മം ഞാൻ സ്വീകരിക്കു ന്നില്ല- എന്റേതല്ലാത്ത യാതൊന്നും ഞാനെടുക്കില്ല- ഇത് ഭാഗിച്ചേ തീരൂ.’’

ഇളയ സന്ന്യാസി പറഞ്ഞു: ‘‘ഈ മൺപാത്രം രണ്ടായി വെട്ടിമുറിച്ചാൽ അതുകൊണ്ട് അങ്ങയ്ക്കും എനിക്കും എന്തു പ്രയോജനമാണുണ്ടാവുക? അങ്ങയ്ക്കു സ്വീകാര്യമെങ്കിൽ നമുക്ക് നറുക്കിട്ടെടുക്കാം.’’

പക്ഷേ, മൂത്ത സന്ന്യാസി വീണ്ടും പറഞ്ഞു: ‘‘എനിക്കു വേണ്ടത് നീതിയും എന്റേതു മാത്ര മായ സ്വത്തുക്കളുമാണ്. ഇവയെ നിഷ്ഫല മായ ആകസ്മികതയ്ക്കു വിട്ടുകൊടുക്കാൻ ഞാൻ തയ്യാറല്ല. ഈ മൺപാത്രം ഭാഗിക്കുക തന്നെ വേണം.’’

ഇളയ സന്ന്യാസിക്ക് പിന്നീട് യുക്തിപൂർവ്വം സംസാരിക്കാനൊന്നുമില്ലായിരുന്നു. അയാൾ പറഞ്ഞു: ‘‘അതാണ് അങ്ങയുടെ താത്പര്യമെ ങ്കിൽ നമുക്ക് മൺപാത്രം വെട്ടിമുറിക്കാം.’’

അപ്പോൾ മൂത്ത സന്ന്യാസിയുടെ മുഖം അങ്ങേയറ്റം ഇരുണ്ടു. അയാൾ അട്ടഹസിച്ചു: ‘‘ശപിക്കപ്പെട്ട ഭീരു, നീ പോരിനു തയ്യാറല്ല!’’

8

# കൊടുക്കൽവാങ്ങലുകളെപ്പറ്റി

**ഒ**രിടത്ത് ഒരു മലഞ്ചെരിവു നിറയെ തുന്നൽസൂചികളുള്ള ഒരു മനുഷ്യൻ ജീവിച്ചിരുന്നു. ഒരു നാൾ യേശുവിന്റെ മാതാവ് അയാളുടെ അടുക്കൽച്ചെന്നു പറഞ്ഞു: ‘‘സുഹൃത്തേ, എന്റെ മകന്റെ വസ്ത്രം കീറിയിരിക്കുന്നു. അവൻ പള്ളിയിലേക്കു പോകുന്നതിനു മുൻപ് ഞാനത് തുന്നിക്കൊടുക്കേണ്ടിയിരിക്കുന്നു. എനിക്കൊരു സൂചി തരില്ലേ?’’

അയാൾ സൂചി നല്കിയില്ല. മകൻ പള്ളിയിലേക്കു പോകുന്നതിനു മുൻപ് അവനു നല്കാനായി കൊടുക്കൽവാങ്ങലുകളെപ്പറ്റി ഒരു പണ്ഡിതപ്രഭാഷണമാണ് അയാൾ കാഴ്ചവെച്ചത്.

9

# ഏഴ് സ്വത്വങ്ങൾ

**രാ**ത്രിയുടെ നിശ്ചല-നിശ്ശബ്ദമുഹൂർത്ത ത്തിൽ, ഞാൻ പാതിയുറക്കരാത്തിൽ മയങ്ങ വേ, എന്റെ ഏഴു സ്വത്വങ്ങൾ കൂടിയിരുന്നു മന്ത്രിച്ചു. ഒന്നാം സ്വത്വം: ഞാൻ ഇക്കഴിഞ്ഞ വർഷങ്ങളത്രയും, ഇവിടെ, ഈ ഭ്രാന്തനിൽ വസിക്കുകയായിരുന്നു- പകൽതോറും ഇവന്റെ വേദനയും രാവുതോറും ദുഃഖവും പുതുക്കി ക്കൊണ്ടേയിരിക്കുകയെന്നല്ലാതെ മറ്റൊന്നും ചെയ്യാനില്ലാതെ. ഈ ഭാഗധേയം ഇനിയും എനിക്കു സഹിക്കാവുന്നതല്ല ഞാൻ കലാപം ചെയ്യുന്നു.

രണ്ടാം സ്വത്വം: നിന്റെ അവസ്ഥ എന്റേതിനെ ക്കാൾ എന്തുകൊണ്ടും മെച്ചം, സഹോദരാ. കാരണം, ഈ ഭ്രാന്തന്റെ സന്തുഷ്ട സ്വത്വം ആയിരിക്കുക എന്നതാണ് എന്റെ ഭാഗധേയം. അവന്റെ ചിരി ഞാൻ ചിരിക്കുന്നു, അവന്റെ സന്തോഷവേളകൾ ഞാൻ പാടുന്നു, അവന്റെ പ്രകാശം പരത്തുന്ന ആശയങ്ങൾ മൂന്നുവട്ടം ചിറകാർന്ന പാദങ്ങളിൽ ഞാൻ നൃത്തം ചവിട്ടു ന്നു. മടുപ്പാർന്ന ഈ നിലനില്പിനെതിരെ ഞാനാണ് കലാപം ചെയ്യേണ്ടത്.

മൂന്നാം സ്വത്വം: അപ്പോൾ ഞാനോ- പ്രണയസുരഭിലമായ സ്വത്വം, വന്യമായ അഭി നിവേശത്തിന്റെയും ഭ്രമാത്മകമായ ആസക്തി യുടെയും ജ്വലിക്കുന്ന തീക്കൊള്ളി? പ്രേമഭാര

ത്താൽ തളർന്ന ഞാനാണ് ഈ ഭ്രാന്തനെതിരെ കലാപം ചെയ്യേണ്ടത്.

നാലാം സ്വത്വം: എന്റെ അവസ്ഥയാണ് ഏറ്റവും ദുരിതപൂർണ്ണം. കാരണം, എനിക്കു നല്കപ്പെട്ടത് കൊടിയ വെറുപ്പും വിനാശകര മായ വിദ്വേഷവും മാത്രം. ഞാൻ, കൊടു ങ്കാറ്റുപോലുള്ള സ്വത്വം, നരകത്തിലെ ഇരുണ്ട ഗുഹകളിൽ പിറന്നവൻ- ഞാനാണ് ഈ ഭ്രാ ന്തനെ സേവിക്കുന്നതിനെതിരെ കലാപം ചെയ്യേണ്ടവൻ.

അഞ്ചാം സ്വത്വം: അല്ല, ഞാൻ- ചിന്താസ്വത്വം, ഭാവനാസ്വത്വം, വിശപ്പിന്റെയും ദാഹത്തി ന്റെയും സ്വത്വം, അറിയപ്പെടാത്തതിനെയും ഇനിയും സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തതിനെയും തേടി വിശ്രമമില്ലാതെ അലഞ്ഞുതിരിയാൻ വിധിക്കപ്പെട്ടവൻ; ഞാനാണ്, നിങ്ങളല്ല, കലാപക്കൊടി ഉയർത്തേണ്ടത്.

ആറാം സ്വത്വം: ഞാൻ, തൊഴിൽസ്വത്വം, അനു കമ്പാർഹനായ തൊഴിലാളി, ക്ഷമയുടെ കൈകളാലും പ്രതീക്ഷയുടെ കണ്ണുകളാലും ദിനങ്ങളെ ബിംബങ്ങളായി പാകപ്പെടുത്തു കയും അരൂപിയായ മൂലകങ്ങൾക്കു പുതുതും അനന്തവുമായ രൂപങ്ങൾ നല്കുകയും ചെയ്യു ന്നവൻ- ഞാനാണ്, ഏകാന്തപഥികൻ, വി റളിപിടിച്ച ഈ ഭ്രാന്തനെതിരെ കലാപം ചെയ്യേണ്ടത്.

ഏഴാംസ്വത്വം: മുൻനിശ്ചയമനുസരിച്ചുള്ള ഭാഗ ധേയങ്ങൾ ഓരോരുത്തരും നിർവഹിക്കേണ്ടതു

ണ്ടെന്നതിനാൽ നിങ്ങളെല്ലാവരും ഈ മനുഷ്യനെതിരെ കലാപം ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നത് എത്ര വിചിത്രം! ഹാ, എനിക്കും നിങ്ങളെപ്പോലെയാവാനായെങ്കിൽ, നിശ്ചയിച്ചുറപ്പിച്ച ഭാഗധേയവുമായി ഒരു സ്വത്വം! പക്ഷേ, അതൊന്നുമില്ല; ഞാൻ ക്രിയാശൂന്യൻ; നിങ്ങൾ ജീവിതം പുനഃസൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നതിൽ വ്യാപൃതരാകുമ്പോൾ, എവിടെയെന്നില്ലാത്ത, എപ്പോഴെന്നില്ലാത്ത ശൂന്യമൂകതയിൽ കഴിയുന്നവൻ ഞാൻ. എന്റെ പ്രിയപ്പെട്ട അയൽക്കാരെ, കലാപം ചെയ്യേണ്ടത് നിങ്ങളോ ഞാനോ?

ഏഴാം സ്വത്വം ഇപ്രകാരം മൊഴിഞ്ഞപ്പോൾ മറ്റ് ആറു സ്വത്വങ്ങളും കൂടുതലൊന്നും ഉരിയാടാതെ അവനെ അനുകമ്പയോടെ നോക്കിയിരുന്നു; രാവിന് ആഴമേറവേ അവർ ഓരോരുത്തരും നവീനവും ആഹ്ലാദകരവുമായ ഒരു കീഴടങ്ങലിൽ സ്വയം പുതച്ചുറങ്ങി.

എന്നാൽ ഏഴാം സ്വത്വം എല്ലാത്തിനുമെല്ലാത്തിനും പിന്നിലുള്ള അനന്തമായ ശൂന്യതയിലേക്കു കണ്ണുംനട്ടിരിക്കുകമാത്രം ചെയ്തു.

## 10

# യുദ്ധം

ഒരു രാത്രി കൊട്ടാരത്തിൽ സദ്യ വിളമ്പിക്കൊണ്ടിരുന്നപ്പോൾ ഒരു മനുഷ്യൻ ഓടിയെത്തി രാജകുമാരനെ സാഷ്ടാംഗം പ്രണമിച്ചു. വിരുന്നുകാരുടെ കണ്ണുകൾ ആ മനുഷ്യനിൽ പതിഞ്ഞു: അയാളുടെ ഒരു കണ്ണ് നഷ്ടമായിരിക്കുന്നുവെന്നും ശൂന്യമായ കൺകുഴിയിൽനിന്നു രക്തം വാർന്നുവീഴുകയാണെന്നും അവർ കണ്ടു. രാജകുമാരൻ ചോദിച്ചു: ''നിങ്ങൾക്കെന്താണു സംഭവിച്ചത്?'' ആ മനുഷ്യൻ മറുപടി പറഞ്ഞതിപ്രകാരം: ''പ്രിയപ്പെട്ട രാജകുമാരൻ, മോഷണമാണ് എന്റെ തൊഴിൽ. ഇന്നു രാത്രി നിലാവില്ലെന്നതി നാൽ ഞാൻ പലിശക്കാരന്റെ കട കൊള്ളയടിക്കാൻ തീരുമാനിച്ചു. ജനലിലൂടെ അകത്തു കടക്കുമ്പോൾ പറ്റിയ ഒരു പിശകുമൂലം ഞാൻ എത്തിപ്പെട്ടത് നെയ്ത്തുകാരന്റെ കടയിൽ. അവിടെ, ഇരുട്ടിൽ നെയ്ത്തുതറിയിൽ തടഞ്ഞ് എന്റെ കണ്ണ് പിഴുതെടുക്കപ്പെട്ടു. അല്ലയോ, രാജകുമാരൻ, എനിക്കു നെയ്ത്തുകാരനിൽനിന്നു നീതി ലഭിക്കണമെന്ന് അപേക്ഷിക്കുന്നു.''

രാജകുമാരൻ നെയ്ത്തുകാരനെ ആളയച്ചുവരുത്തി അയാളുടെ ഒരു കണ്ണ് പിഴുതെടുക്കണമെന്ന് ഉത്തരവിട്ടു.

''അല്ലയോ രാജകുമാരൻ,'' നെയ്ത്തുകാരൻ പറഞ്ഞു, ''എന്റെ കണ്ണുകളിലൊന്ന് പിഴുതെടുക്കണമെന്നത് ശരിതന്നെ. എങ്കിലും, കഷ്ടം!

ഞാൻ നെയ്യുന്ന വസ്ത്രത്തിന്റെ രണ്ടു വശങ്ങളും കാണാനായി എനിക്കു രണ്ടുകണ്ണുകളും ആവശ്യമുണ്ട്. എന്റെ അയൽക്കാരൻ ചെരിപ്പുകുത്തിക്ക് രണ്ടുകണ്ണുകളുണ്ട്; അയാളുടെ തൊഴിലിന് രണ്ടു കണ്ണുകളും ആവശ്യമില്ലതന്നെ.''

രാജകുമാരൻ ചെരിപ്പുകുത്തിയെ വിളിക്കാൻ ആളയച്ചു. അയാൾ വന്നു. അയാളുടെ കണ്ണുകളിലൊന്ന് പിഴുതെടുക്കപ്പെട്ടു.

അങ്ങനെ നീതി നിർവ്വഹിക്കപ്പെട്ടു.

11

# കുറുക്കൻ

സൂര്യോദയവേളയിൽ ഒരു കുറുക്കൻ തന്റെ നിഴലിനെ നോക്കി ഇപ്രകാരം പറഞ്ഞു: ‘‘ഇന്ന് ഉച്ചഭക്ഷണത്തിന് ഒരൊട്ടകം.’’

പ്രഭാതം മുഴുവൻ അവൻ ഒട്ടകങ്ങളെ തെരഞ്ഞുനടന്നു. മധ്യാഹ്നത്തോടെ വീണ്ടും തന്റെ നിഴൽ കണ്ട കുറുക്കൻ പറഞ്ഞു: ‘‘തത്കാലം ഒരെലി മതി.’’

# ബുദ്ധിമാനായ രാജാവ്

**പ**ണ്ടൊരിക്കൽ അകലെയകലെയുള്ള വിരാനി എന്ന നഗരത്തിൽ കരുത്തനും ബുദ്ധിമാനുമായ ഒരു രാജാവുണ്ടായിരുന്നു. കരുത്തുമൂലം ആളുകൾ അദ്ദേഹത്തെ ഭയപ്പെട്ടു; ബുദ്ധിശക്തിമൂലം അവർ അദ്ദേഹത്തെ സ്നേഹിക്കുകയും ചെയ്തു.

നഗരത്തിന്റെ ഹൃദയഭാഗത്ത് ഒരു കിണറുണ്ടായിരുന്നു. സ്ഫടികനിർമ്മലവും ശീതളവുമായ കിണർവെള്ളം നഗരവാസികൾ ഒന്നടങ്കം- രാജാവും പ്രഭുക്കന്മാരുമടക്കം- കുടിച്ചുകൊണ്ടിരുന്നു. കാരണം, അവിടെയെങ്ങും മറ്റൊരു കിണറില്ലായിരുന്നു.

ഒരു രാത്രി, നഗരവാസികൾ ഉറക്കത്തിലാണ്ടു കിടക്കവേ ഒരു ദുർമന്ത്രവാദിനി നഗരത്തിൽ പ്രവേശിച്ച് ഏതോ വിചിത്രദ്രാവകത്തിന്റെ ഏഴു തുള്ളികൾ കിണറ്റിലേക്കൊഴിച്ചു: ''ഇനിമേൽ ഏതൊരാൾ ഈ വെള്ളം കുടിക്കുന്നുവോ അവൻ ഭ്രാന്തനായിത്തീരും!''

അടുത്ത പ്രഭാതത്തിൽ പ്രവചനപ്രകാരം രാജാവും പ്രധാനമന്ത്രിയും ഒഴികെ, സർവ നഗരവാസികളും കിണർവെള്ളം കുടിക്കുകയും ഭ്രാന്തരായിത്തീരുകയുംചെയ്തു.

പകലുടനീളം വീതികുറഞ്ഞ നിരത്തുകളിലും ചന്തക്കവലകളിലും ആളുകൾ കൂട്ടംകൂടി നിന്നു പരസ്പരം ചെവിയിൽ മന്ത്രിച്ചു: ‘‘രാജാവിനു ഭ്രാന്താണ്. നമ്മുടെ രാജാവിനും പ്രധാനമന്ത്രിക്കും സുബോധം നഷ്ടപ്പെട്ടിരിക്കുന്നു. തീർച്ചയായും ഒരു ഭ്രാന്തനാൽ ഭരിക്കപ്പെടേണ്ടവരല്ല നാം. രാജാവിനെ സ്ഥാനഭ്രഷ്ടനാക്കിയേ തീരൂ.’’

അന്നു വൈകുന്നേരം ഒരു സ്വർണചഷകത്തിൽ കിണർവെള്ളം കൊണ്ടുവരാൻ രാജാവ് ആജ്ഞാപിച്ചു. ചഷകം എത്തിയപ്പോൾ രാജാവ് വെള്ളം വലിച്ചുകുടിച്ചു; ബാക്കിയുള്ളത് പ്രധാനമന്ത്രിയും.

അകലെയകലെയുള്ള വിരാനി നഗരത്തിൽ ജനങ്ങൾ ആഹ്ലാദാഘോഷങ്ങളിൽ മുഴുകി; എന്തെന്നാൽ അവരുടെ രാജാവും പ്രധാനമന്ത്രിയും സുബോധം വീണ്ടെടുത്തിരിക്കുന്നു.

13

# ഉൽക്കർഷേച്ഛ

**മ**ദ്യശാലയിലെ മേശയ്ക്കു ചുറ്റം മൂന്നുപേർ: ഒരാൾ നെയ്ത്തുകാരൻ,മരണ്ടാമൻ മരയാശാരി, പിന്നെയൊരു ഉഴവുകാരനും.

നെയ്ത്തുകാരൻ പറഞ്ഞു: ''ഇന്നു ഞാൻ അതിലോലവും വിശിഷ്ടവുമായ ഒരു ശവക്കച്ച രണ്ടു സ്വർണ്ണനാണയങ്ങൾക്കു വിറ്റു. ആവശ്യംപോലെ നമുക്ക് വീഞ്ഞുകുടിക്കാം.''

''ഞാനുണ്ടാക്കിയ ഏറ്റവും മെച്ചപ്പെട്ട ശവപ്പെട്ടി ഇന്നു ഞാൻ വിറ്റു.'' മരയാശാരി പറഞ്ഞു, ''വീഞ്ഞിനോടൊപ്പം വേണ്ടുവോളം പൊരിച്ച ഇറച്ചിയും കഴിക്കാം.''

''ഞാനൊരു ശവക്കുഴി തോണ്ടിയതേയുള്ളൂ.'' ഉഴവുകാരൻ പറഞ്ഞു. ''പക്ഷേ, എന്റെ രക്ഷാധികാരി എനിക്ക് ഇരട്ടി പണം തന്നു. നമുക്ക് തേനപ്പംകൂടി കഴിക്കാം.''

മദ്യശാലയിൽ സായാഹ്നം തിരക്കുപിടിച്ചതായി. മൂന്നുപേരും വീഞ്ഞും ഇറച്ചിയും അപ്പവും ആവോളം വാങ്ങിക്കഴിച്ചു. അവർ ആഹ്ലാദഭരിതരായിരുന്നു.

ആതിഥേയൻ കൈകൾ തിരുമ്മി ഭാര്യയെ നോക്കി പുഞ്ചിരിച്ചു; അതിഥികൾ യാതൊരു

മടിയുമില്ലാതെ പണം ചെലവിടുകയായിരുന്നു.

അവർ പുറത്തിറങ്ങിയപ്പോൾ ചന്ദ്രൻ ഉച്ചിയിലായിരുന്നു; ആർത്തു വിളിച്ചും പാടിയും അവർ നടന്നുനീങ്ങി.

മദ്യശാലയുടെ വാതിൽപ്പടിയിൽ നിന്നുകൊണ്ട് ആതിഥേയനും ഭാര്യയും അവർ നടന്നകലുന്നത് നോക്കിക്കണ്ടു.

‘‘എന്തു സന്തോഷമാണവർക്ക്!’’ ഭാര്യ പറഞ്ഞു. ‘‘കൈയയച്ചു ചെലവിടുന്ന മാന്യന്മാർ! എല്ലാ ദിവസവും അവർ നമുക്ക് ഇത്രയും ഭാഗ്യം കൊണ്ടുവരുമെങ്കിൽ! എങ്കിൽ നമ്മുടെ മകൻ ഒരു മദ്യശാലാസൂക്ഷിപ്പുകാരനായി കഠിനപ്രയത്നം ചെയ്യേണ്ടിവരില്ല. നല്ല നിലയിൽ വിദ്യാഭ്യാസം നല്കി അവനെ ഒരു പുരോഹിതനാക്കാമായിരുന്നു!’’

14

# പുതിയ ആനന്ദം

**ഇ**ന്നലെ രാത്രി ആനന്ദത്തിന് ഒരു പുതിയ വഴി ഞാൻ കണ്ടുപിടിച്ചു. അതിന്റെ ആദ്യപരീക്ഷണത്തിലേർപ്പെടവേ, ഒരു മാലാഖയും ഒരു പിശാചും എന്റെ വീട്ടിലേക്ക് ഓടിയടുത്തു. വീട്ടുവാതിൽക്കൽ അവർ പരസ്പരം കണ്ടുമുട്ടുകയും എന്റെ പുതുതായി സൃഷ്ടിക്കപ്പെട്ട ആനന്ദത്തെ മുൻനിർത്തി പോരാടുകയും ചെയ്തു. ഒരാൾ അട്ടഹസിച്ചു: ‘‘പാപമാണത്!’’ മറ്റയാൾ: ‘‘അല്ല, പുണ്യം!’’

## 15

# മറുഭാഷ

**പി**റവികൊണ്ടതിന്റെ മൂന്നാംനാൾ, ചുറ്റുമുള്ള പുത്തൻലോകത്തെ ഞെട്ടലോടെ, ഭീതിയോടെ നോക്കിക്കൊണ്ട് പട്ടുവിരിച്ച പിള്ളത്തൊട്ടിലിൽ ഞാൻ കിടക്കവേ, എന്റെ അമ്മ പേറ്റുതള്ളയോട് ചോദിച്ചു: ''എന്റെ കുഞ്ഞ് എങ്ങനെയിരിക്കുന്നു.''

പേറ്റുതള്ള മറുപടി പറഞ്ഞതിങ്ങനെ: ''നന്നായിരിക്കുന്നു, മദാം. ഞാനവനെ മൂന്നു തവണ പാലൂട്ടി. ഇത്രയും ചെറുപ്പത്തിൽ ഇത്രയും സന്തോഷഭരിതനായ ഒരു കുഞ്ഞിനെ ഞാനൊരിക്കലും കണ്ടിട്ടില്ല.''

എനിക്ക് എന്തെന്നില്ലാത്ത ദേഷ്യംവന്നു. ഞാൻ അലറി: ''അതു സത്യമല്ല, അമ്മേ! ഈ കിടക്കയ്ക്ക് ലവലേശം മാർദ്ദവമില്ല; ഞാൻ കുടിച്ച പാലിന്റെ കയ്പുരസം വായിൽനിന്നു മാറിയിട്ടില്ല; മുലകളുടെ ദുർഗന്ധം എന്റെ നാസാരന്ധ്രങ്ങളിൽ ഇപ്പോഴുമുണ്ട്; അത്യന്തം ദുരിതപൂർണ്ണമാണ് എന്റെ അവസ്ഥ.''

പക്ഷേ, അമ്മയ്ക്ക് ഒന്നും മനസ്സിലായില്ല; പേറ്റുതള്ളയ്ക്കും- എന്തെന്നാൽ ഞാൻ ഏതു ലോകത്തിൽനിന്നാണോ വന്നെത്തിയത് അവിടത്തെ ഭാഷയാണ് സംസാരിച്ചത്.

പിന്നീട് ഇരുപത്തിയൊന്നാംനാൾ, ഞാൻ ജ്ഞാനസ്നാനം ചെയ്യപ്പെടുന്ന വേളയിൽ,

പുരോഹിതൻ അമ്മയോട് പറഞ്ഞു: ‘‘മോൻ ക്രിസ്ത്യാനിയായി പിറന്നതിൽ നിങ്ങൾ സന്തോഷിപ്പിൻ.’’

അത്ഭുതചകിതനായ ഞാൻ പുരോഹിതനോട് പറഞ്ഞു: ‘‘എങ്കിൽ സ്വർഗ്ഗസ്ഥയായ നിങ്ങളുടെ മാതാവ് ദുഃഖിതയായിരിക്കണം; കാരണം, നിങ്ങൾ ക്രിസ്ത്യാനിയായി പിറന്നവനല്ലല്ലോ.’’

പക്ഷേ, പുരോഹിതനും എന്റെ ഭാഷ മനസ്സിലായില്ല.

ഏഴു ചന്ദ്രനുശേഷം ഒരുനാൾ ഒരു ജ്യോതിഷി എന്റെ മുഖത്ത് ഉറ്റുനോക്കിക്കൊണ്ട് അമ്മയോട് പറഞ്ഞു: ‘‘നിങ്ങളുടെ മകൻ ഒരു രാഷ്ട്രതന്ത്രജ്ഞനും ജനങ്ങളുടെ നേതാവുമായിത്തീരും.’’

പക്ഷേ, ഞാൻ അലറിവിളിച്ചു: ‘‘തെറ്റായ പ്രവചനമാണത്. കാരണം, ഞാനൊരു സംഗീതജ്ഞനായിത്തീരേണ്ടവനാണ്. സംഗീതജ്ഞനല്ലാതെ മറ്റൊന്നുമാവില്ല ഞാൻ.’’

എന്നാൽ ആ പ്രായത്തിലും എന്റെ ഭാഷ ആർക്കും മനസ്സിലായില്ല. ഞാൻ വിസ്മയാധീനനായി.

മുപ്പതും മൂന്നും വർഷങ്ങൾക്കുശേഷം- ഈ കാലയളവിൽ അമ്മയും പേറ്റുതള്ളയും പുരോഹിതനുമൊക്കെ മൺമറഞ്ഞു(അവരുടെ ആത്മാക്കളിൽ ദൈവത്തിന്റെ നിഴൽ പതിയട്ടെ)----ജ്യോതിഷി ഇപ്പോഴും ജീവിച്ചിരിക്കു

ന്നു. ക്ഷേത്രമുറ്റത്ത് ഇന്നലെ അദ്ദേഹത്തെ കണ്ടുമുട്ടി സംസാരിച്ചു. അദ്ദേഹം പറഞ്ഞു: ‘‘നീ സംഗീതജ്ഞനായിത്തീരുമെന്ന് എനിക്കു പണ്ടുപണ്ടേ അറിയാമായിരുന്നു. നിന്റെ ശൈശവത്തിൽത്തന്നെ ഞാനിതു പ്രവചിച്ചതാണ്.’’

ഞാൻ അദ്ദേഹം പറഞ്ഞത് വിശ്വസിച്ചു: എന്തന്നാൽ, ഇപ്പോൾ ഞാൻ മറുലോകത്തിന്റെ ഭാഷ മറന്നിരിക്കുന്നു.

16

# മാതളനാരങ്ങ

**ഒ**രിക്കൽ ഞാനൊരു മാതളനാരകത്തിന്റെ ഹൃദയത്തിൽ വസിക്കവേ, ഒരു നാരങ്ങാക്കുരു ഇപ്രകാരം മൊഴിയുന്നതു കേട്ടു: ''ഒരുനാൾ ഞാനൊരു വൃക്ഷമായിത്തീരും. എന്റെ ചില്ലകളിൽ കാറ്റിന്റെ ഗാനമുയരുകയും ഇലകളിൽ വെയിൽ നൃത്തം വയ്ക്കുകയുംചെയ്യും. ഋതുപ്പകർച്ചകളിലും ഞാൻ കരുത്തും സൗന്ദര്യവും കൈവിടില്ല.''

അപ്പോൾ മറ്റൊരു കുരു ഇപ്രകാരം സംസാരിച്ചു: ''നിന്നെപ്പോലെ ചെറുപ്പമായിരുന്ന നാളുകളിൽ ഞാനും ഇത്തരം ആശയങ്ങൾ വച്ചുപുലർത്തിയിരുന്നു. പക്ഷേ, ഇപ്പോൾ എനിക്ക് കാര്യങ്ങൾ അളന്നുംതൂക്കിയും നോക്കാനറിയാമെന്നതിനാൽ, എന്റെ പ്രതീക്ഷകൾ അസ്ഥാനത്തായിരുന്നുവെന്നു ഞാൻ കാണുന്നു.''

അപ്പോൾ മൂന്നാമൻ പറഞ്ഞു: ''അത്രയും മഹത്തായൊരു ഭാവി വാഗ്ദാനം ചെയ്യുന്ന യാതൊന്നും ഞാൻ നമ്മിൽ കാണുന്നില്ല.''

നാലാമതൊരാൾ ഇങ്ങനെ: ''കൂടുതൽ മഹത്ത്വമാർന്ന ഒരു ഭാവിയുടെ അഭാവത്തിൽ എത്ര പരിഹാസ്യമായിരിക്കും നമ്മുടെ ജീവിതം!''

അഞ്ചാമൻ ചോദിച്ചു: ‘‘നാം എന്താണെന്നു പോലും അറിയാത്ത അവ

സ്ഥയിൽ എന്തായിത്തീരും എന്നതിനെച്ചൊല്ലി എന്തിനു തർക്കിക്കണം?’’

ആറാമൻ മറുപടി പറഞ്ഞു: ‘‘നാം എന്തുതന്നെ യാണെങ്കിലും അതായിത്തന്നെ തുടരുന്നതാണ്.’’

അപ്പോൾ ഏഴാമൻ: ‘‘കാര്യങ്ങൾ എന്തായിത്തീരുമെന്ന് എനിക്കു കൃത്യമായ ധാരണയുണ്ട്, പക്ഷേ, അത് വാക്കുകളാൽ ആവിഷ്കരിക്കാൻ വയ്യ.’’

പിന്നെ എട്ടാമൻ, ഒമ്പതാമൻ, പത്താമൻ- അങ്ങനെ പലരും- എല്ലാവരും, എല്ലാവരും സംസാരിച്ചു തുടങ്ങിയപ്പോൾ ശബ്ദപ്രളയത്തിൽ എനിക്ക് ഒന്നുംതന്നെ തിരിച്ചറിയാനായില്ല.

അടുത്ത ദിവസം ഞാനൊരു കൊച്ചു ശീമമാതളത്തിന്റെ ഹൃദയത്തിലേക്കു താമസം മാറ്റി- വളരെ കുറച്ചു കുരുക്കൾ, എല്ലാവരും ഏറക്കുറെ ശാന്തർ.

17

## രണ്ട് കൂടുകൾ

**എ**ന്റെ പിതാവിന്റെ ഉദ്യാനത്തിൽ രണ്ടു കൂടുകളുണ്ട്. ഒരു കൂട്ടിൽ പിതാവിന്റെ അടിമകൾ നൈനവായിലെ മരുഭൂമിയിൽനിന്നു പിടിച്ചുകൊണ്ടുവന്ന സിംഹം. രണ്ടാമത്തെ കൂട്ടിൽ പാട്ടറിയാത്ത കുരുവി.

എല്ലാ ദിവസവും പ്രഭാതം പൊട്ടിവിടരവേ കുരുവി സിംഹത്തെ വിളിച്ചു പറയുന്നു: ‘‘നിനക്കു സുപ്രഭാതം ആശംസിക്കുന്നു, കൂട്ടുതടവുകാരാ, സഹോദരാ!’’

18

# മൂന്ന് ഉറുമ്പുകൾ

**വെ**യിലിൽ കിടന്നുറങ്ങുന്ന ഒരു മനുഷ്യന്റെ മൂക്കിൻമേൽ മൂന്ന് ഉറുമ്പുകൾ കണ്ടുമുട്ടി. അവരവരുടെ ഗോത്രത്തിന്റെ ആചാരമര്യാദകളനുസരിച്ച് പരസ്പരം അഭിവാദനം ചെയ്ത ശേഷം അവർ സംസാരിച്ചുതുടങ്ങി.

ഒന്നാമത്തെ ഉറുമ്പ് പറഞ്ഞു: ''ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും തരിശായ കുന്നുകളും താഴ്വരകളുമാണിവ. ഒരുനുള്ള് ധാന്യത്തിനുവേണ്ടി ഞാൻ ദിവസം മുഴുവൻ തെരച്ചിലായിരുന്നു, പക്ഷേ, യാതൊന്നും ലഭിച്ചില്ല.''

അപ്പോൾ രണ്ടാമത്തെ ഉറുമ്പ് പറഞ്ഞു: ''സർവ കാട്ടുപാതകളും ഊടു വഴികളും സന്ദർശിച്ചുവെങ്കിലും ഞാനും യാതൊന്നും കണ്ടെത്തിയില്ല. എന്റെ നാട്ടുകാർ പറയുന്നതുപോലെ, യാതൊന്നും വളരാത്ത, മൃദുവായ, ചലിക്കുന്ന ഭൂപ്രദേശമാണിത്.''

അപ്പോൾ മൂന്നാമത്തെ ഉറുമ്പ് തല ഉയർത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: ''സുഹൃത്തുക്കളേ, നാമിപ്പോൾ നില്ക്കുന്നത് അതിശ്രേഷ്ഠനും പരമോന്നതനുമായ ഉറുമ്പിന്റെ മൂക്കിൻമേലാണ്– സർവശക്തനും അവ്യയനുമായ ഉറുമ്പ്. അവന്റെ ശരീരം അതിബൃഹത്തായതിനാൽ നാമത് കാണുന്നില്ല; നിഴൽ അതിവിപുലമായതിനാൽ നമുക്കത് അടയാളപ്പെടുത്താനാവില്ല; ശബ്ദം അത്യുച്ചത്തിലായതി

നാൽ നാമത് കേൾക്കുന്നില്ല. തീർച്ചയായും സർവവ്യാപിയാണവൻ!’’

മൂന്നാമത്തെ ഉറുമ്പ് ഇപ്രകാരം സംസാരിച്ചപ്പോൾ മറ്റു രണ്ടുപേരും പരസ്പരം നോക്കി പൊട്ടിച്ചിരിച്ചു.

ആ നിമിഷം ഉറങ്ങിക്കിടന്ന മനുഷ്യൻ ഒന്നിളകി, കൈയുയർത്തി തന്റെ മൂക്ക് ചൊറിയുകയും അങ്ങനെ മൂന്ന് ഉറുമ്പുകളും ഞെരിച്ചുകൊല്ലപ്പെടുകയുമുണ്ടായി.

19

# കുഴിവെട്ടുകാരൻ

**ഒ**രിക്കൽ ഞാനെന്റെ മരിച്ചുപോയ ഒരു സ്വത്വത്തെ അടക്കം ചെയ്യവേ, ശവക്കുഴി വെട്ടുന്നവൻ എന്റെയടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: ''ഇവിടെ ശവമടക്കിനു വരുന്ന മറ്റാരെക്കാളും നിങ്ങളെ ഞാനിഷ്ടപ്പെടുന്നു.''

ഞാൻ പറഞ്ഞു: ''നിങ്ങൾ എന്നെ അത്യധികം സന്തുഷ്ടനാക്കുന്നു. പക്ഷേ, പറയൂ, എന്തുകൊണ്ടാണ് നിങ്ങളെന്നെ ഇഷ്ടപ്പെടുന്നത്?''

''കാരണം, മറ്റെല്ലാവരും ഇവിടെ കരഞ്ഞുകൊണ്ട് വരുന്നു, കരഞ്ഞുകൊണ്ട് പോകുന്നു. നിങ്ങൾ മാത്രമാണ് ചിരിച്ചുകൊണ്ട് വരുന്നതും ചിരിച്ചുകൊണ്ട് പോകുന്നതും.''

20

## ക്ഷേത്രപ്പടവുകളിൽ

**ഇ**ന്നലെ വൈകുന്നേരം ക്ഷേത്രത്തിന്റെ വെണ്ണക്കൽപ്പടവുകളിൽ രണ്ടുപുരുഷന്മാർക്കു മധ്യേയിരിക്കുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു. അവളുടെ മുഖത്തിന്റെ ഒരു വശം വിളറി ക്കണ്ടു; മറുവശം ലജ്ജയാൽ തുടുത്തിരുന്നു.

21

## വാഴ്ത്തപ്പെട്ട നഗരം

**ഏ**തോ ഒരു നഗരത്തിൽ സർവ മനുഷ്യരും പൂർണമായും വേദങ്ങളനുസരിച്ചു മാത്രം ജീവിച്ചുപോരുന്നുവെന്ന് എന്റെ കൗമാരത്തിൽ ആരോ പറഞ്ഞറിഞ്ഞു.

ഞാൻ പറഞ്ഞു: ''ഞാൻ ആ നഗരവും അതിന്റെ ദിവ്യാനുഗ്രഹവും തേടിപ്പോകുകയാണ്.''

വളരെ വളരെ അകലെയായിരുന്നു ആ നഗരം. യാത്രയ്ക്കുവേണ്ട എല്ലാ സജ്ജീകരണങ്ങളും ഒരുക്കി. നാല്പതുദിവസത്തിനുശേഷം നഗരം ദൃഷ്ടിഗോചരമായി; നാല്പത്തിയൊന്നാംദിവസം ഞാൻ നഗരത്തിൽ പ്രവേശിച്ചു.

നോക്കുവിൻ! സർവനഗരവാസികൾക്കും ഒറ്റക്കണ്ണും ഒറ്റക്കൈയും വീതം മാത്രം! വിസ്മയസ്തബ്ധനായ ഞാൻ എന്നോടുതന്നെ പറഞ്ഞു: ''ഇത്രയും ദിവ്യതയാർന്ന ഈ നഗരത്തിലുള്ളവർക്ക് വെറും ഒരു കണ്ണും ഒരു കൈയുമോ?''

നഗരവാസികളും വിസ്മയസ്തബ്ധരാണെന്നു പിന്നെ ഞാൻ കണ്ടു– എന്തെന്നാൽ അവർ അത്യാശ്ചര്യത്തോടെ എന്റെ രണ്ടു കണ്ണുകളും രണ്ടുകൈകളും നോക്കിക്കാണുകയായിരുന്നു.

എല്ലാവരും ഒരേസമയം പരസ്പരം സംസാരിച്ചുകൊണ്ടിരുന്നതിനാൽ ഞാൻ ചോദിക്കുകയുണ്ടായി: ''ഓരോ മനുഷ്യനും വേദോപദേശത്തിനു വഴങ്ങി ജീവിക്കുന്ന വാഴ്ത്തപ്പെട്ട നഗരം തന്നെയാണോ ഇത്?'' അപ്പോൾ അവർ പറഞ്ഞു: ''അതെ, ഇതുതന്നെയാണ് ആ നഗരം.''

''പിന്നെയെന്താണു നിങ്ങൾക്കു സംഭവിച്ചത്?'' ഞാൻ ചോദിച്ചു. ''എവിടെ നിങ്ങളുടെ വലംകൈയും വലംകണ്ണും?''

നഗരവാസികളുടെ നെഞ്ചു പിടച്ചു. അവർ പറഞ്ഞു: ''വരൂ, വന്നു കാണൂ.''

നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ക്ഷേത്രത്തിലേക്ക് അവരെന്നെ നയിച്ചു. ക്ഷേത്രത്തിൽ കൈകളുടെയും കണ്ണുകളുടെയും ഒരു കൂമ്പാരം ഞാൻ കണ്ടു. എല്ലാം വാടിക്കരിഞ്ഞിരിക്കുന്നു. ഞാൻ പറഞ്ഞു: ''കഷ്ടം! നിങ്ങൾക്കുമേൽ ഈ ക്രൂരത അടിച്ചേല്പിച്ച ദിഗ്വിജയിയായ പടയാളിയേത്?''

അപ്പോൾ അവർക്കിടയിലൂടെ മർമ്മരശബ്ദങ്ങൾ സഞ്ചരിച്ചു. പിന്നെ കാരണവന്മാരിലൊരാൾ എഴുന്നേറ്റുനിന്നു പറഞ്ഞു: ''ഇത് ഞങ്ങളുടെതന്നെ ചെയ്തിയാണ്. ഞങ്ങളിലുണ്ടായിരുന്ന തിന്മയ്ക്കെതിരെ പടപൊരുതി ജയിക്കാൻ ദൈവം ഞങ്ങളെ സഹായിച്ചതാണ്.''

അദ്ദേഹം എന്നെ ഉയർത്തിക്കെട്ടിയ ഒരു അൾത്താരയിലേക്കു നയിച്ചു. നഗരവാസികൾ ഞങ്ങളെ പിന്തുടർന്നു. അൾത്താരയ്ക്കു മുകളിൽ കൊത്തിവച്ച ശാസനം അദ്ദേഹം കാണിച്ചുതന്നു. ഞാൻ വായിച്ചു:

''നിന്റെ വലംകണ്ണ് നിനക്കെതിരെ അപരാധം ചെയ്യുന്നുവെങ്കിൽ അത് പിഴുതെടുത്ത് നിന്നിൽനിന്നും വലിച്ചെറിയുക; കാരണം, ഒര വയവത്തിന് നാശം സംഭവിക്കുകയെന്നത് നിന്റെ ശരീരം മുഴുവൻ നരകത്തിലേക്കു വലിച്ചെറിയപ്പെടുന്നതിനെക്കാൾ ലാഭകരമാണ്. അതുപോലെ, നിന്റെ വലംകൈ നിനക്കെതിരെ അപരാധം ചെയ്യുന്നുവെങ്കിൽ അത് വെട്ടിമാറ്റി നിന്നിൽ നിന്നു വലിച്ചെറിയുക; കാരണം ഒരവയവത്തിന് നാശം സംഭവിക്കുകയെന്നത് നിന്റെ ശരീരം മുഴുവൻ നരകത്തിലേക്കു വലിച്ചെറിയപ്പെടുന്നതിനെക്കാൾ ലാഭകരമാണ്.''

എനിക്കു മനസ്സിലായി. തിരിഞ്ഞുനിന്നു നഗരവാസികളോടായി ഞാൻ ചോദിച്ചു: ''രണ്ടു കണ്ണും രണ്ടു കൈയുമുള്ള ഒരൊറ്റ പുരുഷനോ സ്ത്രീയോ ഇല്ലേ നിങ്ങൾക്കിടയിൽ?''

അവർ മറുപടി പറഞ്ഞു: ''ഇല്ല, ഒരാൾപോലുമില്ല– പൂർണശരീരവുമായി ഒരാൾപോലുമില്ല– വേദപാരായണം ചെയ്യുവാനും ശാസന ഗ്രഹിക്കുവാനും തക്ക പ്രായമില്ലാത്ത ബാലികാബാലന്മാരൊഴികെ.''

ദേവാലയത്തിൽനിന്നും പുറത്തുകടന്നയുടൻ ഞാൻ ആ വാഴ്ത്തപ്പെട്ട നഗരം വിട്ടുപോന്നു.

കാരണം, ഞാൻ പ്രായം കുറഞ്ഞവനായിരുന്നില്ല; വേദപാരായണം എനിക്കു സാധ്യവുമായിരുന്നു.

22

# നല്ല ദൈവവും ചീത്ത ദൈവവും

**ന**ല്ല ദൈവവും ചീത്ത ദൈവവും മലമുകളിൽവച്ച് കണ്ടുമുട്ടി.

നല്ല ദൈവം പറഞ്ഞു: ‘‘സുപ്രഭാതം, സഹോദരാ!’’

ചീത്ത ദൈവം മറുപടി പറഞ്ഞില്ല.

അപ്പോൾ നല്ല ദൈവം പറഞ്ഞു: ‘‘താങ്കൾക്ക് ഇന്ന് തീരെ പ്രസന്നതയില്ലല്ലോ.’’

‘‘അതെ,’’ ചീത്ത ദൈവം മറുപടി പറഞ്ഞു. ‘‘കാരണം കുറെ നാളായി ആളുകൾ എന്നെ തെറ്റിദ്ധരിക്കുന്നു, താങ്കളെന്നമട്ടിൽ അഭിസംബോധന ചെയ്യുന്നു, താങ്കളാണെന്ന മട്ടിൽ എന്നോട് പെരുമാറുന്നു. അതെനിക്ക് ഇഷ്ടമാകുന്നില്ല.’’

നല്ല ദൈവം പറഞ്ഞു: ‘‘എന്നെയും ആളുകൾ താങ്കളായി തെറ്റിദ്ധരിക്കുകയും താങ്കളെന്ന മട്ടിൽ അഭിസംബോധന ചെയ്യുകയും പതിവുണ്ട്.’’

അപ്പോൾ ചീത്ത ദൈവം നടന്നകന്നു– മനുഷ്യന്റെ മടയത്തത്തെ ശപിച്ചുകൊണ്ട്.

23

# “പരാജയം”

**ഹേ** പരാജയമേ, എന്റെ പരാജയമേ, എന്റെ
ഏകാന്തതേ, നിസ്സംഗതേ,
ഒരായിരം വിജയങ്ങളേക്കാൾ പ്രിയപ്പെട്ടവ
ളാണു നീ,
വിശ്വഖ്യാതിയെക്കാൾ ഹൃദ്യമധുരം.

ഹേ, പരാജയമേ, എന്റെ പരാജയമേ, എന്റെ
ആത്മബോധമേ, ധിക്കാരമേ,
നിന്നിലൂടെ ഞാനറിയുന്നു ഞാനിനിയും
യുവാവും
ദ്രുതപാദനുമെന്ന്,
വാടിയുണങ്ങുന്ന കീർത്തിലതകളാൽ കുടുക്ക
പ്പെടു-
ന്നവനല്ലെന്ന്.
നിന്നിൽ ഞാൻ കണ്ടെത്തുന്നു ഏകാന്തത,
നിരാസത്തിന്റെയും അവജ്ഞയുടെയും ആഹ്ലാ
ദം.

ഹേ പരാജയമേ, എന്റെ പരാജയമേ, എന്റെ
വെട്ടിത്തിളങ്ങുന്ന വാളും പരിചയുമേ,
നിന്റെ കണ്ണുകളിൽ ഞാൻ വായിക്കുന്നു
പട്ടാഭിഷേകമെന്നാൽ അടിമപ്പെടുകയെന്ന്,
ഗ്രഹിക്കപ്പെടുകയെന്നാൽ നിരപ്പാക്കപ്പെടുക
യെന്ന്,
മനസ്സിലാക്കപ്പെടുകയെന്നാൽ നിറവ് നേടു
കയും
വിളഞ്ഞ പഴമെന്നപോൽ വീണു ഭക്ഷിക്കപ്പെടു
കയുമെന്ന്.

ഹേ, പരാജയമേ, എന്റെ പരാജയമേ, എന്റെ ധീരസഹചാരീ,
നിനക്കെന്റെ ഗാനങ്ങളും നിലവിളികളും മൗനങ്ങളും കേൾക്കാം;
ചിറകടിയൊച്ചകളെപ്പറ്റി, സമുദ്രപ്രേരണകളെപ്പറ്റി,
രാത്രിയിൽ കത്തുന്ന പർവതനിരകളെപ്പറ്റി,
നിനക്കുമാത്രം എന്നോട് സംസാരിക്കാം;
നിനക്കുമാത്രം എന്റെ ചെങ്കുത്തായ ആത്മാവിന്റെ
പാറക്കെട്ടുകളിലേക്കു കയറിവരാം.

ഹേ, പരാജയമേ, എന്റെ പരാജയമേ, എന്റെ മരണമില്ലാത്ത ധീരതേ,
നിനക്കുമെനിക്കും കൊടുങ്കാറ്റിനൊപ്പം പൊട്ടിച്ചിരിക്കാം,
നമ്മിൽ മരിച്ചുവീഴുന്നവർക്കായി ശവക്കുഴികൾ തോണ്ടാം,
ഉച്ചവെയിലിൽ ഇച്ഛാനിശ്ചയത്തോടെ
നില്ക്കാം-
തികഞ്ഞ അപകടകാരികളായിത്തീരാം.

24

## രാത്രിയും ഭ്രാന്തനും

**ഹേ** രാത്രി! ഞാനും നീയുമൊരുപോൽ- ഇരുളിൽ, നഗ്നതയിൽ; എന്തെന്നാൽ, എന്റെ പകൽക്കിനാവുകൾക്കുമേൽ ജ്വലിക്കുന്ന പാതയിലൂടെ ഞാൻ ചലിക്കുന്നു; എന്റെ പാദം ഭൂമിയെ സ്പർശിക്കുമ്പോൾ ഓക്കുമരം പിറക്കുന്നു.''

''ഹേ, ഭ്രാന്തൻ! അല്ല, ഒരുപോലല്ല നീയും ഞാനും! എന്തെന്നാൽ, മണൽപ്പരപ്പിൽ അവശേഷിപ്പിക്കുന്ന പാദമുദ്രയുടെ വലിപ്പമറിയാൻ നീ ഇപ്പോഴും തിരിഞ്ഞുനോക്കുന്നു.''

''ഹേ, രാത്രി! ഞാനും നീയുമൊരുപോൽ- മൗനത്തിൽ, അഗാധതയിൽ; എന്തെന്നാൽ, എന്റെ ഏകാന്തതയുടെ ഹൃദയത്തിൽ വിരിച്ചിട്ട പ്രസവക്കിടക്കയിൽ ഒരു ദേവത; ഇവിടെ പിറവികൊള്ളുന്നവനിൽ സ്വർഗം നരകത്തെ സ്പർശിക്കുന്നു.''

''ഹേ, ഭ്രാന്തൻ! അല്ല, ഒരുപോലല്ല നീയും ഞാനും! എന്തെന്നാൽ, നീ ഇപ്പോഴും വേദനകൊണ്ടു പുളയുന്നവൻ; അഗാധഗർത്തങ്ങളുടെ സംഗീതം ഭയപ്പെടുത്തുന്നവൻ.''

''ഹേ, രാത്രി! നീയും ഞാനുമൊരുപോൽ- വന്യതയിൽ, ഘോരതയിൽ; എന്തെന്നാൽ, വെട്ടിപ്പിടിക്കപ്പെട്ട രാഷ്ട്രങ്ങളുടെ നിലവിളി

കളും വിസ്മൃതിയിലാണ്ട ജനപഥങ്ങളുടെ നെടുവീർപ്പുകളും എന്റെ കാതുകളിൽ നിറഞ്ഞുഞെരിയുന്നു.''

''ഹേ, ഭ്രാന്തൻ! അല്ല, ഒരുപോലല്ല ഞാനും നീയും! എന്തെന്നാൽ, നീ ഇപ്പോഴും നിന്റെ കൊച്ചാത്മാവിനെ സഖാവായി ഗണിക്കുന്നു, ഭീമാത്മാവുമായി ചങ്ങാത്തമില്ലതാനും- ''

''ഹേ, രാത്രി! ഞാനും നീയുമൊരുപോൽ- ക്രൂരതയിൽ, ഗംഭീരതയിൽ, എന്തെന്നാൽ, എന്റെ നെഞ്ച് കടലിലെ തീയാളുന്ന കപ്പലുകളാൽ ജ്വലിക്കുന്നു; എന്റെ ചുണ്ടുകൾ വധിക്കപ്പെട്ട പോരാളികളുടെ രക്തത്താൽ നനവാർന്നിരിക്കുന്നു.''

''ഹേ, ഭ്രാന്തൻ! അല്ല, ഒരുപോലല്ല നീയും ഞാനും! എന്തെന്നാൽ, നീ ഇപ്പോഴും ഒരു സഹോദരസ്വത്വത്തിനായി കാംക്ഷിക്കുന്നു; സ്വയം നിയമവും നിയമവാഴ്ചയുമായി ത്തീർന്നിട്ടുമില്ല.''

''ഹേ, രാത്രി! നീയും ഞാനുമൊരുപോൽ. ആഹ്ലാദത്തിൽ, ഹർഷോന്മാദത്തിൽ; എന്തെന്നാൽ, എന്റെ നിഴലിൽ ജീവിക്കുന്നവൻ കന്യാവീഞ്ഞു നുകർന്നുന്മത്തനായിരിക്കുന്നു; എന്നെ പിൻതുടരുന്നവൻ ആനന്ദതുന്ദിലനായി പാപം ചെയ്യുന്നു.''

''ഹേ, ഭ്രാന്തൻ! അല്ല, ഞാനും നീയുമൊരുപോലല്ല! എന്തെന്നാൽ, നിന്റെ ആത്മാവ് ഏഴു മടക്കുകളുള്ള മൂടുപടത്താൽ ആവരണം ചെയ്യ

പ്പെട്ടിരിക്കുന്നു; നിന്റെ ഹൃദയം നീ കൈയിലേന്തുന്നുമില്ല.''

''ഹേ, രാത്രി! ഞാനും നീയുമൊരുപോൽ– ക്ഷമയിൽ, അഭിനിവേശത്തിൽ; എന്തെന്നാൽ, എന്റെ നെഞ്ചിൽ വാടിയ ചുംബനങ്ങളുടെ ശവക്കച്ചയണിഞ്ഞ ഒരായിരം മൃതകാമുകർ അടക്കം ചെയ്യപ്പെട്ടിരിക്കുന്നു.''

''അങ്ങനെയോ, ഹേ, ഭ്രാന്തൻ– എന്നെപ്പോലെയോ നീയും? എന്നെപ്പോലെ? കൊടുങ്കാറ്റിനെ പടക്കുതിരയാക്കി സവാരിചെയ്യാമോ? മിന്നൽക്കൊടിയെ പടവാളാക്കി കൈയിലേന്താമോ?''

''നിന്നെപ്പോലെതന്നെ, ഹേ, രാത്രി, നിന്നെപ്പോലെതന്നെ– ഔന്നത്യത്തിൽ, പരമശക്തിയിൽ; എന്റെ സിംഹാസനം പടുത്തുയർത്തിയിരിക്കുന്നത് വീഴ്ത്തപ്പെട്ട ദൈവങ്ങളുടെ കൂമ്പാരങ്ങൾക്കുമേൽ; എന്റെ വസ്ത്രങ്ങളുടെ വക്കിൽ ചുംബനമർപ്പിച്ചുകൊണ്ട്, എന്നാൽ എന്റെ മുഖത്തേക്കു നോക്കാൻ ധൈര്യപ്പെടാതെ, പകലുകൾ എന്റെ കൺമുൻപിലൂടെ കടന്നുപോകുന്നു.''

''എന്റെ ഏറ്റവുമിരുണ്ട ഹൃദയത്തിന്റെ സന്തതീ, എന്നെപ്പോലെയോ നീയും? എന്റെ മെരുക്കമില്ലാത്ത ചിന്തകൾ നീ ചിന്തിക്കുന്നുവോ, അനന്തവും അപാരവുമായ എന്റെ ഭാഷ നീ സംസാരിക്കുന്നുവോ?''

‘‘അതെ, നാം ഇരട്ടക്കുട്ടികൾ, ഹേ രാത്രി!. നീ നിന്റെ അനന്തസ്ഥലികൾ അനാവരണം ചെയ്യുന്നു; ഞാനെന്റെ ആത്മാവിനെയും!’’

25

# മുഖങ്ങൾ

**ആ**യിരം ഭാവങ്ങളുള്ള മുഖം ഞാൻ കണ്ടിട്ടുണ്ട്; അച്ചിൽ വാർത്തതെന്നപോൽ ഒരൊറ്റ ഭാവത്തോടെയുള്ള മുഖവും.

സുതാര്യമായ പ്രഭാകാന്തിയിലൂടെ നോക്കി ഉള്ളിലെ വൈരൂപ്യം ദർശിക്കാൻ കഴിയുന്ന മുഖം ഞാൻ കണ്ടിട്ടുണ്ട്; പ്രഭാകാന്തി ഉയർത്തിമാറ്റിക്കൊണ്ടുമാത്രം എത്രമേൽ സുന്ദരമെന്നു ദർശിക്കാവുന്ന മുഖവും.

ഹേതുവേതുമില്ലാതെ ചുളിഞ്ഞുണങ്ങിയ പ്രായമേറിയ മുഖം ഞാൻ കണ്ടിട്ടുണ്ട്; സർവതും കൊത്തിവച്ച ശാന്തമിനുസമായ മുഖവും.

എനിക്കു മുഖങ്ങൾ അറിയാം- കാരണം, എന്റെ കണ്ണുകൾ നെയ്യുന്ന ചിത്രവേലയ്ക്കകത്തേക്കു നോക്കി ഉള്ളിന്റെയുള്ളിലെ യാഥാർത്ഥ്യം ഞാൻ കാണുന്നു.

26

# ക്രൂശിതൻ

മനുഷ്യരോട് ഞാൻ വിളിച്ചുപറഞ്ഞു: ''ഞാൻ ക്രൂശിതനാകും!''

അവർ ചോദിച്ചു: ''എന്തിനുവേണ്ടി നിന്റെ രക്തം ഞങ്ങളുടെ തലയിൽ പതിയണം?''

ഞാൻ മറുപടി പറഞ്ഞു: ''ഭ്രാന്തരെ ക്രൂശിക്കുകവഴിയല്ലാതെ പിന്നെയെങ്ങനെയാണ് നിങ്ങൾ ഉയർത്തപ്പെടുക?''

അവർ കേട്ടു; അനുസരിച്ചു; ഞാൻ ക്രൂശിക്കപ്പെട്ടു. ക്രൂശേറ്റം എന്നെ പ്രീതിപ്പെടുത്തുകയുംചെയ്തു.

ഭൂമിക്കും ആകാശത്തിനുമിടയിൽ ഞാൻ തൂക്കിലേറിയപ്പോൾ അവർ എന്നെ നോക്കുവാനായി തല ഉയർത്തി. അങ്ങനെ അവർ ഉയർത്തപ്പെട്ടു, വാഴ്ത്തപ്പെട്ടു; കാരണം മുൻപൊരിക്കലും അവരുടെ തല ഉയർത്തപ്പെട്ടിരുന്നില്ല.

എന്നാൽ, അവർ എന്നെ നോക്കിനില്ക്കവേ, ഒരാൾ ചോദിച്ചു: ''എന്തു പാപനിവൃത്തിക്കായാണ് നീയിതു ചെയ്യുന്നത്?''

മറ്റൊരാൾ ചോദിച്ചു: ''എന്തു കാര്യത്തിനുവേണ്ടിയാണ് നീ സ്വയം ബലിയർപ്പിക്കുന്നത്?''

പിന്നെ മൂന്നാമതൊരാൾ ചോദിച്ചു: ‘‘ഈ വിലകൊടുത്ത് വിശ്വയശസ്സ് നേടാമെന്നു കരുതുന്നുവോ നീ?’’

പിന്നെ നാലാമൻ: ‘‘നോക്കൂ, അവൻ പുഞ്ചിരിക്കുകയാണ്! ഈ വേദന പൊറുക്കാവുന്നതാണോ?’’

എല്ലാവർക്കും മറുപടിയായി ഞാൻ പറഞ്ഞു: ‘‘ഞാൻ പുഞ്ചിരിതൂകിയെന്നുമാത്രം ഓർക്കുക. ഇത് പ്രായശ്ചിത്തമോ ബലിയോ അല്ല; യശസ്സ് ഞാൻ ആഗ്രഹിക്കുന്നില്ല; പൊറുക്കാനൊന്നുമേയില്ല. എനിക്കു ദാഹമായിരുന്നു- എന്റെ രക്തം പാനം ചെയ്യാൻ എനിക്കു നല്കണമെന്ന് നിങ്ങളോട് അഭ്യർത്ഥിച്ചു. ഒരു ഭ്രാന്തന്റെ ദാഹമകറ്റാൻ സ്വന്തം രക്തമല്ലാതെ പിന്നെയെന്താണുള്ളത്? ഞാൻ മൂകനായിരുന്നു- വായകൾക്കായി നിങ്ങളുടെ മുറിവുകൾക്കപേക്ഷിച്ചു. നിങ്ങളുടെ ദിനരാത്രങ്ങളുടെ തടവറയിലായിരുന്നു ഞാൻ- കൂടുതൽ വലിയ ദിനരാത്രങ്ങളിലേക്കുള്ള ഒരു വാതിലിനായി അപേക്ഷിച്ചു.

ഇപ്പോൾ ഞാൻ പോകുന്നു- എനിക്ക് മുൻപ് ക്രൂശിക്കപ്പെട്ടവർ പോയതുപോലെ. കുരിശേറ്റം നമുക്ക് മടുത്തു എന്നുമാത്രം കരുതരുത്. കാരണം, കൂടുതൽ കൂടുതൽ വലിയ ഭൂമികൾക്കും ആകാശങ്ങൾക്കുമിടയിൽ കൂടുതൽകൂടുതൽ വലിയ മനുഷ്യരാൽ നാം ഇനിയും ക്രൂശിക്കപ്പെടേണ്ടിയിരിക്കുന്നു.’’

27

# ജ്യോതിശ്ശാസ്ത്രജ്ഞൻ

**അ**ന്ധനായ ഒരു മനുഷ്യൻ ക്ഷേത്രത്തിന്റെ നിഴലിൽ തികച്ചും ഏക നായി ഇരിക്കുന്നത് ഞാനും എന്റെ സുഹൃത്തും കാണുക യുണ്ടായി. സുഹൃത്ത് പറഞ്ഞു: ''നമ്മുടെ നാട്ടിലെ ഏറ്റവും ജ്ഞാനസമ്പന്ന നായ മനു ഷ്യനെ കാണുക.''

സുഹൃത്തിനെ വിട്ടു ഞാൻ അന്ധന്റെ അടു ക്കൽച്ചെന്ന് അദ്ദേഹത്തെ അഭിവാ ദനംചെയ്തു. പിന്നെ ഞങ്ങൾ സംസാരിച്ചുതുട ങ്ങി.

അല്പസമയത്തിനു ശേഷം ഞാൻ പറഞ്ഞു: ''എന്റെ ചോദ്യം പൊറുക്കുക- പക്ഷേ, എന്നു തൊട്ടാണ് താങ്കൾ അന്ധനായത്?''

''ജനിച്ച നാൾ തൊട്ട്.'' അദ്ദേഹം പറഞ്ഞു.

''ജ്ഞാനത്തിന്റെ ഏതു പാതയിലൂടെയാണ് താങ്കൾ സഞ്ചരിക്കുന്നത്?''

അയാൾ പറഞ്ഞു: ''ഞാനൊരു ജ്യോതിശ്ശാ സ്ത്രജ്ഞനാണ്.''

പിന്നെ, നെഞ്ചിൽ കൈവച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ''ഇവിടെ, ഈ സൂര്യചന്ദ്രനക്ഷത്രങ്ങ

ളെയൊക്കെ ഞാൻ നിരീക്ഷിക്കുന്നു.’’

28

# അഭിവാഞ്ഛര

**ഇ**വിടെ, എന്റെ പർവതസഹോദരനും സമുദ്ര സഹോദരിക്കുമിടയിൽ ഇരിക്കുകയാണു ഞാൻ.

മൂവരും ഏകാന്തതയിൽ ഒരുപോലെ- നമ്മെ ബന്ധിപ്പിക്കുന്നതാകട്ടെ കരുത്തുറ്റ, അഗാധവി ചിത്രമായ സ്നേഹവും. അല്ല, അതെന്റെ സഹോദരിയെ ക്കാൾ ആഴമുള്ളതും സഹോദ രനെക്കാൾ കരുത്തുള്ളതും എന്റെ ഭ്രാന്തിന്റെ വൈചിത്ര്യത്തെക്കാൾ വിചിത്രവുമാകുന്നു.

ആദ്യത്തെ ചാരവർണപ്രഭാതം നമ്മെ പര സ്പരം ദൃഷ്ടിഗോചരമാക്കിയതിനുശേഷം യുഗങ്ങൾതന്നെ കടന്നുപോയിരിക്കുന്നു; പലപല ലോകങ്ങളുടെ പിറവിയും നിറവും മര ണവും നാം കാണുകയുണ്ടായെങ്കിലും, മൂവരും ഇപ്പോഴും യുവത്വവും ഔത്സുക്യവും നിലനിർത്തുന്നു.

യുവത്വവും ഔത്സുക്യവും നിലനിർത്തുന്നുവെ ങ്കിലും നമുക്ക് സുഹൃത്തുക്കളില്ല, സന്ദർശ കരും അതിഥികളുമില്ല; വിള്ളലേറ്റിട്ടില്ലാത്ത അർദ്ധപരിരംഭണത്തിൽ കഴിയുന്നുവെങ്കിലും മൂവരും സാന്ത്വനമേതുമില്ലാതെ തുടരുന്നു. നിയന്ത്രിതമായ കാമനയ്ക്കും പൂർത്തീകരിക്ക പ്പെട്ടിട്ടില്ലാത്ത അഭിനിവേശത്തിനും എന്തു സാ ന്ത്വനമാണുള്ളത്? എന്റെ സഹോദരിയുടെ മെത്തയ്ക്ക് ഊഷ്മളത പകരാൻ കത്തിജ്ജ്വലി

ക്കുന്ന ദേവൻ എവിടെനിന്നെത്തും? എന്റെ സഹോദരന്റെ അഗ്നി അണയ്ക്കാൻ ഏതു മഹാമാരിയാണെത്തുക? എന്റെ ഹൃദയത്തെ അടക്കിനിർത്താനുള്ള സ്ത്രീ ഏതാണ്?

രാത്രിയുടെ അപാരനിശ്ചലതയിൽ എന്റെ സഹോദരി നിദ്രയിൽ അഗ്നിദേവന്റെ അറിയാപ്പേര് മന്ത്രിക്കുന്നു; സഹോദരൻ ശീതളവും വിദൂരസ്ഥവുമായ ദേവതയെ മാടിവിളിക്കുന്നു; എന്നാൽ ഉറക്കത്തിൽ ഞാനാരെയാണു വിളിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ.

ഇവിടെ എന്റെ പർവതസഹോദരനും, സമുദ്രസഹോദരിക്കുമിടയിൽ ഇരിക്കുകയാണു ഞാൻ. മൂവരും ഏകാന്തതയിൽ ഒരുപോലെ. നമ്മെ ബന്ധിപ്പിക്കുന്നതാകട്ടെ കരുത്തുറ്റ, അഗാധവിചിത്രമായ സ്നേഹവും.

## 29

# ഒരു പുല്ക്കൊടി പറഞ്ഞത്

ശരത്കാലലതയോട് പുല്ക്കൊടി പറഞ്ഞു: ''നീ വീഴുമ്പോൾ എന്തൊരു ശബ്ദമാണ്! എന്റെ ശിശിരസ്വപ്നങ്ങളൊക്കെ ചിതറിപ്പോയി.''

ഇലയ്ക്കു ദേഷ്യംവന്നു: ''വൃത്തികെട്ട കീഴ്ജാതിക്കാരീ! സംഗീതമെന്തെന്നറിയാത്ത വഴക്കാളീ! നീ ആകാശങ്ങളിൽ വസിക്കുന്നവളല്ല, അതുകൊണ്ടുതന്നെ നിനക്ക് സംഗീതത്തിന്റെ ശബ്ദം തിരിച്ചറിയാൻപോലുമാവില്ല.''

ശരത്കാലലത ഭൂമിയിൽ നിവർന്നുകിടന്നുറങ്ങി. വസന്തകാലമായപ്പോൾ അവൾ ഉണർന്നു- ഇപ്പോൾ അവൾ ഒരു പുല്ക്കൊടിയായിരുന്നു.

പിന്നെ ശരത്കാലം വന്നപ്പോൾ, ശിശിരസ്വപ്നങ്ങളിലാണ്ടുകിടക്കവേ, അവൾക്കു മുകളിൽ ആകാശങ്ങളിൽനിന്ന് ഇലപൊഴിഞ്ഞുകൊണ്ടേയിരുന്നു. അവൾ പിറുപിറുത്തു: ''ഹോ, ഈ ശരത്കാലലതകൾ! എന്തൊരു ശബ്ദമാണ്! എന്റെ ശിശിരസ്വപ്നങ്ങളൊക്കെ ചിതറിപ്പോകുന്നു.''

30

## കണ്ണ്

**ഒ**രു നാൾ കണ്ണ് പറഞ്ഞു: ''ഈ താഴ്വരകൾക്കപ്പുറം നീല മഞ്ഞിൽ മൂടിക്കിട ക്കുന്ന ഒരു പർവതം ഞാൻ കാണുന്നു. എത്ര മനോഹരം!''

അല്പനേരം തികഞ്ഞ ഏകാഗ്രതയോടെ കേൾക്കാൻ ശ്രമിച്ചശേഷം ചെവി ഇങ്ങനെ പറഞ്ഞു: ''ഏതു പർവതം? എവിടെ? എനിക്കു കേൾക്കാൻ കഴിയുന്നില്ലല്ലോ.''

പിന്നെ കൈ സംസാരിച്ചു: ''അതു തൊട്ടുനോ ക്കാൻ ശ്രമിക്കുകയാണു ഞാൻ. യാതൊരു ഫലവുമില്ല. എനിക്ക് ഒരു പർവതത്തെയും കണ്ടെത്താനാവുന്നില്ല.''

അപ്പോൾ മൂക്ക് പറഞ്ഞു: ''അങ്ങനെയൊരു പർവതമില്ലതന്നെ; എനിക്കതിന്റെ മണം കിട്ടു ന്നില്ലല്ലോ.''

കണ്ണ് പിൻതിരിഞ്ഞു. മറ്റെല്ലാവരും കൂടി ച്ചേർന്ന് കണ്ണിന്റെ വിചിത്രവിഭ്രാന്തികളെക്കു റിച്ചു സംസാരിച്ചുതുടങ്ങുകയും ചെയ്തു. അവർ പറഞ്ഞു: ''ഈ കണ്ണിന് എന്തോ പറ്റി യിട്ടുണ്ട്.''

31

## രണ്ട് പണ്ഡിതന്മാർ

**പ**ണ്ടൊരിക്കൽ അഫ്കർ എന്നു പേരായ പുരാതനനഗരത്തിൽ പരസ്പരം വെറുക്കുകയും പുച്ഛിക്കുകയും ചെയ്ത രണ്ടു പണ്ഡിതന്മാരുണ്ടായിരുന്നു. ഒരാൾ ദൈവങ്ങളുടെ അസ്തിത്വം നിരാകരിക്കുന്നയാൾ; രണ്ടാമനാകട്ടെ ദൈവവിശ്വാസിയും.

ഒരു നാൾ രണ്ടുപേരും അങ്ങാടിക്കവലയിൽവച്ചു കണ്ടുമുട്ടിയതും അവരുടെ ആരാധകരുടെ ഇടയിൽവച്ച്, ദൈവങ്ങളുടെ അസ്തിത്വത്തെപ്പറ്റിയുള്ള വാദവും തർക്കവും ആരംഭിക്കുകയും ചെയ്തു. മണിക്കൂറുകൾ നീണ്ടുനിന്ന വാദപ്രതിവാദങ്ങൾക്കുശേഷം അവർ പിരിഞ്ഞു.

അന്നു വൈകുന്നേരം അവിശ്വാസി ക്ഷേത്രത്തിൽച്ചെന്ന് അൾത്താരയ്ക്കു മുന്നിൽ സാഷ്ടാംഗം പ്രണമിക്കുകയും തന്റെ പിഴച്ച ഭൂതകാലത്തിന്റെ പേരിൽ ദൈവങ്ങളോട് മാപ്പിരക്കുകയും ചെയ്തു.

അതേസമയം, ദൈവങ്ങളിൽ വിശ്വാസമർപ്പിച്ചിരുന്ന പണ്ഡിതൻ തന്റെ പക്കലുള്ള ദിവ്യഗ്രന്ഥങ്ങളൊക്കെ അഗ്നിക്കിരയാക്കി. എന്തെന്നാൽ അദ്ദേഹം ഒരവിശ്വാസിയായിത്തീർന്നിരുന്നു.

## 32
# എന്റെ ദുഃഖം പിറന്നപ്പോൾ

**എ**ന്റെ ദുഃഖം പിറന്നപ്പോൾ അതിനെ ഞാൻ അതീവശ്രദ്ധയോടെ, സ്നേഹവാത്സല്യങ്ങളോടെ, പരിചരിക്കുകയും താലോലിക്കുകയുംചെയ്തു.

എല്ലാ ജീവജാലങ്ങളെയുംപോലെ, എന്റെ ദുഃഖം കരുത്തിലേക്കും സൗന്ദര്യത്തിലേക്കും അത്ഭുതാവഹമായ ആനന്ദോല്ലാസങ്ങളിലേക്കും വളർന്നു.

ഞങ്ങൾ പരസ്പരം സ്നേഹിച്ചു, എന്റെ ദുഃഖവും ഞാനും; ഞങ്ങൾക്കു ചുറ്റുമുള്ള ലോകത്തെയും സ്നേഹിച്ചു– എന്തെന്നാൽ, ദുഃഖത്തിന്റെ ഹൃദയം കരുണാർദ്രമായിരുന്നു; എന്റേത് ദുഃഖത്താൽ കരുണാർദ്രവും.

ഞങ്ങൾ പരസ്പരം സംസാരിച്ചപ്പോൾ, എന്റെ ദുഃഖവും ഞാനും, ഞങ്ങളുടെ പകലുകൾക്ക് ചിറകുകളും രാവുകൾക്ക് സ്വപ്നങ്ങളുടെ അരികുകളുമുണ്ടായി– എന്തെന്നാൽ, ദുഃഖത്തിന്റെ വാക്കുകളിൽ വാചാലതയുണ്ടായിരുന്നു; എന്റെ വാക്കുകൾ ദുഃഖത്താൽ വാചാലവും.

ഞങ്ങൾ പരസ്പരം പാടിയപ്പോൾ, എന്റെ ദുഃഖവും ഞാനും ഞങ്ങളുടെ അയൽക്കാർ കിളിവാതിൽ ചാരിയിരുന്ന് ശ്രദ്ധിച്ചു– എന്തെ

ന്നാൽ, ഞങ്ങളുടെ ഗാനങ്ങളിൽ സമുദ്രത്തിന്റെ ആഴവും ശ്രുതികളിൽ വിചിത്രസുന്ദരമായ ഓർമ്മകളുടെ നിറവുമുണ്ടായിരുന്നു.

ഞങ്ങൾ കൈകോർത്ത് നടന്നപ്പോൾ, എന്റെ ദുഃഖവും ഞാനും ആളുകൾ സൗമ്യനേത്രങ്ങളാൽ ഞങ്ങളെ ഉറ്റുനോക്കുകയും മാധുര്യമൂറുന്ന വാക്കുകളാൽ മന്ത്രിക്കുകയും ചെയ്തു; ഞങ്ങളെ അസൂയയോടെ നോക്കിക്കണ്ടവരുമുണ്ട്- എന്തെന്നാൽ, ദുഃഖത്തിന് തികഞ്ഞ പ്രൗഢിയായിരുന്നു; ഞാൻ ദുഃഖത്താൽ പ്രൗഢനും.

പക്ഷേ, എല്ലാ ജീവജാലങ്ങളെയുംപോലെ, എന്റെ ദുഃഖവും മരിച്ചു; ചിന്തയിലും ഓർമ്മയിലും മുഴുകി ഞാൻ ഏകനായിരിക്കുന്നു.

ഇപ്പോൾ ഞാൻ സംസാരിക്കുമ്പോൾ എന്റെ വാക്കുകൾ കനത്ത വസ്തുക്കളായി എന്റെ കാതുകളിൽച്ചെന്നു പതിക്കുന്നു.

നടക്കാനിറങ്ങുമ്പോൾ ആരും എന്നെ ശ്രദ്ധിക്കുന്നില്ല.

ഉറങ്ങിക്കിടക്കുമ്പോൾ മാത്രം അനുകമ്പയാർന്ന ശബ്ദങ്ങൾ സംസാരിക്കുന്നത് ഞാൻ കേൾക്കുന്നു: ‘‘നോക്കൂ, തന്റെ ദുഃഖം മരിച്ച ഒരു മനുഷ്യനാണ് അവിടെ കിടക്കുന്നത്.’’

33

# എന്റെ ആഹ്ലാദം പിറന്നപ്പോൾ

**എ**ന്റെ ആഹ്ലാദം പിറന്നപ്പോളാകട്ടെ, ഞാന തിനെ കൈയിലേന്തി പുരപ്പുറത്തു കയറി വിളിച്ചുപറഞ്ഞു: ''വരിൻ, അയൽവാസികളേ, വരിൻ, കാണുവിൻ, ഇന്നെനിക്ക് ആഹ്ലാദം പിറന്നിരിക്കുന്നു. വരിൻ, വെയിലിൽ പൊട്ടിച്ചിരിക്കുന്ന ഈ ആഹ്ലാദത്തെ ഒരുനോക്കു കാണുവിൻ.''

പക്ഷേ, അയൽവാസികളാരും എന്റെ ആഹ്ലാദത്തെ കാണുവാനെത്തിയില്ല; ഞാൻ വിസ്മയസ്തബ്ധനായി.

ഏഴു ചന്ദ്രനിടയിലെ ഓരോ ദിവസവും ഞാൻ പുരപ്പുറത്തുകയറി എന്റെ ആഹ്ലാദത്തെ കൊട്ടിയറിയിച്ചു- ഒരാൾപോലും എന്നെ ശ്രദ്ധിച്ചില്ല. ഞാനും എന്റെ ആഹ്ലാദവും ഏകരായി- വേണ്ടപ്പെട്ടവരില്ലാതെ, സന്ദർശകരില്ലാതെ.

എന്റെ ഹൃദയമല്ലാതെ മറ്റൊരു ഹൃദയവും തന്റെ മനോഹാരിത അറിഞ്ഞില്ലെന്നതിനാൽ, എന്റേതല്ലാത്ത ചുണ്ടുകൾ തന്റെ അധരങ്ങളിൽ ചുംബനമർപ്പിച്ചില്ലെന്നതിനാൽ, പതുക്കെപ്പതുക്കെ, എന്റെ ആഹ്ലാദം ക്ഷീണിച്ചു വിളറി.

പിന്നെ, പൂർണമായ ഒറ്റപ്പെടൽമൂലം എന്റെ ആഹ്ലാദം മരിച്ചു.

ഇപ്പോൾ എന്റെ മൃതിയടഞ്ഞ ആഹ്ലാദത്തെ ഞാനോർക്കുന്നത് എന്റെ മൃതിയടഞ്ഞ ദുഃഖത്തെയോർക്കുന്നതിലൂടെ മാത്രം. എന്നാൽ, അല്പനേരം മർമ്മരമുയർത്തി പിന്നെ മൗനത്തിലേക്കൂർന്നു വീഴുന്ന ഒരു ശരത്കാലലതയാണ് ഓർമ്മ.

34

# ഉത്തമലോകം

നഷ്ടാത്മാക്കളുടെ തമ്പുരാനേ, ദൈവങ്ങൾക്കിടയിൽ സ്വയം നഷ്ടമായവനേ, എന്നെ ശ്രവിപ്പിൻ:

ഞങ്ങൾ, അലയുമുന്മത്തരാമാത്മാക്കൾക്കുമേൽ കാവലിരിക്കുന്ന ദയാപരനായ വിധികർത്താവേ, എന്നെ ശ്രവിപ്പിൻ:

ഒരുത്തമവംശത്തിൻ മധ്യേ വസിക്കുന്നവൻ ഞാൻ– അപൂർണരില പൂർണൻ.

ഞാൻ, കുഴഞ്ഞുമറിഞ്ഞ മനുഷ്യനിരാകാരം, വിഭ്രാന്തമിശ്രിതാംശങ്ങൾ തൻ വ്യോമപടലം, പൂർത്തീകരിക്കപ്പെട്ട ലോകങ്ങളിലൂടെ ഞാൻ ചലിക്കുന്നു– അടുക്കിവയ്ക്കപ്പെട്ട ചിന്തകളോടെ, ക്രമീകരിക്കപ്പെട്ട സ്വപ്നങ്ങളോടെ, പട്ടികയിൽച്ചേർത്തു രജിസ്റ്ററാക്കപ്പെട്ട ദർശനങ്ങളോടെ, പൂർണനിയമങ്ങളിലും ശുദ്ധക്രമത്തിലും വസിക്കുന്ന ജനതകളിലൂടെ ഞാൻ ചലിക്കുന്നു.

അല്ലയോ തമ്പുരാനേ, അവരുടെ നന്മകൾ ഗണിക്കപ്പെടുന്നു, തിന്മകൾ അളന്നു തൂക്കപ്പെടുന്നു, നന്മതിന്മകൾക്കിടയിലെ കാഴ്ചമങ്ങിയ മൂവന്തിയിൽ ചരിക്കുന്ന എണ്ണമറ്റ കാര്യങ്ങൾപോലും അനുക്രമണികയായി രേഖപ്പെടുത്തപ്പെടുന്നു.

ഇവിടെ പകലുകളും രാത്രികളും സദാചാരഋതുക്കളായി വിഭജിക്കപ്പെടുകയും ദോഷമെന്തെന്നറിയാത്ത കൃത്യതയുടെ നിയമങ്ങളാൽ ഭരിക്കപ്പെടുകയും ചെയ്യുന്നു.

തിന്നാൻ, കുടിക്കാൻ, ഉറങ്ങാൻ, നഗ്നത മറയ്ക്കാൻ, ക്രമേണ ക്ഷീണിത രാവാൻ.

ജോലിചെയ്യാൻ, കളിക്കാൻ, പാടാൻ, നൃത്തംചവിട്ടാൻ, പിന്നെ ഘടികാരം ശബ്ദിക്കുമ്പോൾ നിശ്ചലരായി കിടക്കാൻ.

ഇങ്ങനെ ചിന്തിക്കാൻ, ഇത്രമാത്രം വികാരപ്പെടാൻ, പിന്നെ ദൂരെ ചക്രവാളത്തിൽ ഒരു നിശ്ചിതതാരകം ഉദിച്ചുയരുമ്പോൾ ചിന്തയും വികാരവും അടക്കിനിർത്താൻ.

അയൽക്കാരനെ ഒരു പുഞ്ചിരിയോടെ കൊള്ളയടിക്കാൻ, പ്രീതിപ്രദമായ ആംഗ്യവിലാസത്തോടെ സമ്മാനങ്ങളർപ്പിക്കാൻ, വിവേകപൂർവം ശ്ലാഘിക്കാൻ, കരുതലോടെ കുറ്റപ്പെടുത്താൻ, ഒറ്റവാക്കാൽ ഒരാത്മാവിനെ വധിക്കാൻ, ഒറ്റശ്വാസത്താൽ ഒരു ശരീരം ദഹിപ്പിക്കാൻ, പിന്നെ എല്ലാം കഴിയുമ്പോൾ കൈ കഴുകാൻ.

അംഗീകൃതക്രമമനുസരിച്ച് സ്നേഹിക്കാൻ, പ്രണയിക്കാൻ, മുൻനിശ്ചയപ്രകാരം ഏറ്റവും മെച്ചപ്പെട്ട സ്വാത്മാവിനെ സ്വീകരിക്കാൻ, വിനോദിപ്പിക്കാൻ, യോജ്യമാംവിധം ദൈവങ്ങളെ ആരാധിക്കാൻ, കൗശലപൂർവം പിശാചുക്കളെ കബളിപ്പിക്കാൻ- പിന്നെ, ഓർമ്മ

യുടെ മരണത്താലെന്നപോൽ എല്ലാം മറ
ക്കാൻ.

ഉദ്ദേശ്യലക്ഷ്യങ്ങളോടെ കല്പന ചെയ്യാൻ, എല്ലാം കണക്കിലെടുത്തുകൊണ്ട് ധ്യാനി
ക്കാൻ, മധുരമായാഹ്ലാദിക്കാൻ, കുലീന മനസ്സു
മായനുഭവക്ലേശങ്ങളേറ്റുവാങ്ങാൻ- പിന്നെ, നാളെ വീണ്ടും നിറയ്ക്കപ്പെടാനായി പാന
പാത്രം കാലിയാക്കാൻ.

എല്ലാമെല്ലാം, അല്ലയോ തമ്പുരാനേ, മുന്നാ
ലോചനയാൽ ഗർഭസ്ഥമാക്കപ്പെടുന്നു, ദൃഢനി
ശ്ചയത്താൽ ജനനം കൊള്ളുന്നു, കൃതൃത
യാൽ പരിചരിക്കപ്പെടുന്നു, നിയമങ്ങളാൽ ഭരി
ക്കപ്പെടുന്നു, യുക്തിയാൽ നിയന്ത്രിക്കപ്പെടു
ന്നു-

പിന്നെ, നിർദ്ദിഷ്ട മാർഗത്തിൽ വധിക്കപ്പെടു
കയും സംസ്കരിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യാത്മാവിനകത്തു വസിക്കുന്ന അവരുടെ
മൗനക്കല്ലറകൾപോലും അക്കമിട്ടടയാളപ്പെടു
ത്തപ്പെടുന്നു.

ഇതൊരു പൂർണലോകം- ശ്രേഷ്ഠം, ഉത്തമം-
തികഞ്ഞ ഉത്കൃഷ്ടതയുടെ ലോകം, നിരതിശ
യമായ വിസ്മയങ്ങളുടെ ലോകം, ദൈവ
ത്തിന്റെ ഉദ്യാനത്തിലെ ഏറ്റവും വിളഞ്ഞു പാ
കംവന്ന കായ്കനി, പ്രപഞ്ചത്തിന്റെ അഗ്രചി
ന്ത.

എങ്കിലും ദൈവമേ, ഞാൻ- സഫലീകരിക്കപ്പെ
ടാത്ത അഭിനിവേശത്തിന്റെ പച്ചക്കുരു,

കിഴക്കോ പടിഞ്ഞാറോ തേടാത്ത ഭ്രാന്തൻ
കൊടുങ്കാറ്റ്, കത്തിയെരിഞ്ഞ ഗ്രഹത്തിന്റെ
സംഭ്രമിതശകലം- ഞാനിവിടെയെന്തിന്?

നഷ്ടാത്മാക്കളുടെ തമ്പുരാനേ, ദൈവ
ങ്ങൾക്കിടയിൽ സ്വയം നഷ്ടമായവനേ,
ഞാനെന്തിനിവിടെ?

***